അതിഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതിൽനിന്ന് ഈ വ്യവസായത്തെ രക്ഷിക്കാൻ 1-4-2000 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നികുതി ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഖാദി ഗ്രാമ വ്യവസായ രംഗത്ത് 'വാറ്റ്' (VAT) നടപ്പിലാക്കും എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് നികുതിയിളവിൽ ഒരു നിയന്ത്രണം കൊണ്ടുവന്നത്. 1-1-2002-ൽ ഒരു എസ്.ആർ.ഒ. പുറപ്പെടുവിച്ചു. 10 ലക്ഷത്തിനു മുകളിൽ വിറ്റുവരവുള്ള യൂണിറ്റിന് നികുതി ബാദ്ധ്യതയുണ്ട്. 21 ഉൽപ്പാദക യൂണിറ്റുകൾക്ക് വിൽപ്പന നികുതി വാങ്ങലിന് എതിരായി ഒഴിവു നൽകുകയും ചെയ്തിട്ടുണ്ട്. മറ്റ് യൂണിറ്റുകൾക്ക് 1-4-2000 മുതൽ 4 ശതമാനം നികുതി ബാദ്ധ്യതയുണ്ട്. എല്ലാ യൂണിറ്റുകൾക്കും ഒഴിവു നൽകണമെന്ന് നിവേദനം കിട്ടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേരളത്തിലെ ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. 1-4-2000 മുതലുള്ള എല്ലാ ഖാദി യൂണിറ്റുകളും 4 ശതമാനം ടാക്സ് അടയ്ക്കേണ്ടതായിട്ട് ഒരു വിധി നിലനിൽക്കുന്നുണ്ട്. നികുതി ഒഴിവ് റദ്ദാക്കിയത് എംപവേർഡ് കമ്മിറ്റിയാണ്. അവരുമായി ആലോചിച്ച് വേണ്ടത്ര അനുകൂലമായ ഒരു തീരുമാനമെടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

(6) ആലപ്പുഴ ബൈപ്പാസിന്റെ രണ്ടാം ഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. സി. വേണുഗോപാൽ: ദേശീയപാതയിലെ ഏറ്റവും പ്രധാനപ്പെട്ട ബൈപാസിലുള്ളതാണ് ആലപ്പുഴ ബൈപ്പാസ്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചുവെങ്കിലും ഒന്നും അഞ്ചും റീച്ചുകൾ മാത്രമേ പൂർത്തിയാക്കിയുള്ളൂ. ബാക്കി രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ബഹുമാനപ്പെട്ട ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നത് സ്വാഗതാർഹമാണ്. ടെന്റർ നടപടികൾ പൂർത്തിയാക്കി, അതിന്റെ പണികൾ ഉടൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ഇതിന്റെ നടപടികൾ വളരെ ധൃതഗതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ടെന്റർ ലഭിക്കേണ്ട അവസാന തീയതി 12-8-2003 ആണ്. ബാക്കി ഡീറ്റെയിൽസൊന്നും പറയുന്നില്ല. നടപടികളൊക്കെ പൂർത്തിയാക്കുന്ന മുറയ്ക്ക് പണികൾ ആരംഭിക്കും.

V. നിയമനിർമ്മാണകാര്യം

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം (ചർച്ച തുടർച്ച)

ശ്രീ. എ. എൻ. രാജൻ ബാബു: (തുടർച്ച), സർ, ഒരു ഐറിഷ് കോടതിയുടെ മുമ്പാകെ അഡ്വക്കേറ്റ് കരൺ വാദം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ വാദഗതികളോട് എതിർപ്പുണ്ടായിരുന്ന ജഡ്ജി പറയുകയുണ്ടായി, Mr. Karan, if you said is law, I will burn all my Law Books. അതിന് അദ്ദേഹം വളരെ വിനയത്തോടുകൂടി പറഞ്ഞ മറുപടി, No My Lord, better read them. ഇതാണ് എനിക്ക് ഇപ്പോൾ പ്രതിപക്ഷത്തോട് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം യൂണിവേഴ്സിറ്റി ബിൽ കത്തിക്കുകയുണ്ടായി. നിങ്ങൾ യൂണിവേഴ്സിറ്റി ബിൽ കത്തിക്കുകയല്ല അത് വായിക്കുകയാണ് ചെയ്യേണ്ടത്. അത് വായിച്ചിരുന്നെങ്കിൽ ഇവിടെ ഉന്നയിച്ച ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാകും. എന്തായിരുന്നു തുടക്കത്തിൽത്തന്നെയുള്ള എതിരഭിപ്രായം? ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, ഇതിന് ഒരു മതേതര സ്വഭാവമില്ല എന്നാണ്. ഇത് പ്രത്യേക മതവിഭാഗത്തിന് കോളേജുകൾ സ്ഥാപിക്കുവാൻവേണ്ടി അനുവദിക്കുന്നു, കമ്മ്യൂണിറ്റി കോളേജ് എന്നുള്ള ഡെഫനിഷനിൽ നിന്നുകൊണ്ടാണ് ആ വാദഗതി ഉയർത്തിയത്. കമ്മ്യൂണിറ്റി കോളേജിന്റെ ഡെഫനിഷൻ എന്താണ്? കമ്മ്യൂണിറ്റി കോളേജ് എന്നാൽ ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹ്യ സാമ്പത്തിക ആവശ്യങ്ങളും മറ്റ് ആവശ്യങ്ങളും നിറവേറ്റാനായി കോഴ്സുകൾ പ്രദാനം ചെയ്യുന്ന കോളേജുകൾ സ്ഥാപിക്കുക എന്നതാണ്. ഇൻഡ്യൻ ഭരണഘടനയിലെ 245-ാം വകുപ്പ് അനുസരിച്ച് പാർലമെന്റിന്, ഭാരതത്തിലെ ഭൂപ്രദേശം മുഴുവനായോ ഏതെങ്കിലും ഒരു പ്രദേശത്തേയ്ക്കോ അതുപോലെ സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് മുഴുവനായോ ഒരു പ്രത്യേക ഭാഗത്തേയ്ക്കോ നിയമം ഉണ്ടാക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഡയറക്ടീവ് പ്രിൻസിപ്പിൾ അനുസരിച്ച് അത് ഇൻഡ്യൻ ഭരണഘടനയിൽ നിയമനിർമ്മാണത്തിന് രാജഭരണത്തിൽ മൗലികമായിരിക്കുന്ന നിയമനിർമ്മാണത്തിന് ഈ തത്വങ്ങൾ പ്രയോഗിക്കുന്നത് രാഷ്ട്രത്തിന്റെ കർത്തവ്യമായിരിക്കുമെന്ന് പറയുന്നു. അതുപോലെതന്നെ 38-ാം വകുപ്പ് പ്രകാരം വിഭിന്നപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിൽ സൗകര്യങ്ങളിലും അവസരങ്ങളിലുമുള്ള അസമത്വങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് രാഷ്ട്രം പ്രത്യേകം യത്നിക്കേണ്ടതാണ്. ഈ ലക്ഷ്യങ്ങൾ വച്ചുകൊണ്ട് കമ്മ്യൂണിറ്റി കോളേജുകൾ സ്ഥാപിച്ചാൽ ഇൻഡ്യൻ ഭരണഘടന 245-ഉം ഡയറക്ടീവ് പ്രിൻസിപ്പിൾ 37-ഉം 38-ഉം അനുസരിച്ചും ആർട്ടിക്കിൾ 15 (4) അനുസരിച്ചും അത് ഭരണ സാധുതയാണ്. പിന്നെ എന്താണ് ഇവിടെ അതിനെതിരായി പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കമ്മ്യൂണിറ്റി കോളേജുകളെ കുറിച്ചാണ് സൂചിപ്പിച്ചത്. എൽ.ഡി.എഫ്. ഭരണകാലത്ത് എന്റെ നിയോജകമണ്ഡലമായ പറവൂരിൽ അന്ന് മന്ത്രിയായിരുന്ന, സി.പി.എം.-ന്റെ പോളിറ്റ് ബ്യൂറോ മെമ്പറായിരുന്ന ശ്രീ. എസ്. ശർമ്മ മുൻകയ്യെടുത്ത് ഒരു കമ്മ്യൂണിറ്റി കോളേജ് സ്ഥാപിച്ച കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. എൻ. രാജൻ ബാബു: അതിന് എതിരല്ല. അതും സ്വാഗതാർഹമാണ്.

ശ്രീ. എ. കെ. ബാലൻ: ഇവിടെ സമുദായം എന്ന് പ്രത്യേകം സൂചിപ്പിക്കുന്നതുൾപ്പെടെ എഴുതിയിട്ടുള്ളതുകൂടി വായിക്കണം.

ശ്രീ. എ. എൻ. രാജൻ ബാബു: ഞാൻ അതിലേയ്ക്ക് വരാം.

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: കമ്മ്യൂണിറ്റി കോളേജുകൾ എന്നത് വിദ്യാഭ്യാസത്തിന്റെ പുതിയ ഡയമെൻഷനാണ്. അത് അറിയാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇതിനെ എതിർക്കുന്നത്. കേരളത്തിൽ കമ്മ്യൂണിറ്റി പോളിടെക്നിക് എന്ന നിലയിൽ വിദ്യാഭ്യാസം ലഭിക്കാത്തവർക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ കൊടുക്കുന്നതിനുവേണ്ടി നിരവധി സ്കീമുകൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കയറി വരാൻ കഴിയാത്തവർക്ക് ആവശ്യമായ ജീവിത പരിശീലനം നൽകാനാണ് കമ്മ്യൂണിറ്റി കോളേജുകൾ. അത് സെൻട്രൽ ഗവൺമെന്റിന്റെ സ്കീമാണ്. കമ്മ്യൂണിറ്റി കോളേജുകൾ എല്ലായിടത്തുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു: കമ്മ്യൂണിറ്റി കോളേജ് എന്ന പ്രത്യേക നിർവചനം കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു എന്നാണ് എന്റെ അഭിപ്രായം. കാരണം കോളേജ് എന്ന നിർവചനത്തിലും അഫിലിയേറ്റഡ് കോളേജ് എന്ന നിർവചനത്തിലും ഈ ടൈപ് കോളേജുകളും വരുമായിരുന്നു. പിന്നത്തെ ആരോപണം, ഇവിടെ സംവരണത്തിന് യാതൊരു പ്രൊവിഷനുമില്ല എന്നതായിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ, പ്രത്യേക ജനവിഭാഗത്തിനും പ്രത്യേക പ്രദേശത്തിനും നിർവചനമനുസരിച്ച് സ്ഥാപിക്കപ്പെടുന്ന കോളേജ് എന്നു പറഞ്ഞാൽ പ്രത്യേക ജനവിഭാഗം എന്നു പറയുന്നത് എങ്ങനെയാണ് വരുന്നത്? അതുപോലെ കമ്മ്യൂണിറ്റി എന്നു പറയുന്നത്, A body of people having a religion എന്നാണ് ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിൽ പറയുന്നത്. കമ്മ്യൂണിറ്റി എന്നത് ഇംഗ്ലീഷ് വാക്കായതു കൊണ്ട് മലയാളീകരിച്ച ഒരു വാക്ക് ചേർത്താൽ പോരേ? എന്നാൽ എല്ലാം അംഗീകരിക്കാമായിരുന്നു. അതുകൊണ്ടാണ് അത് ചെയ്തത്.

ശ്രീ. എ. എൻ. രാജൻ ബാബു: ആ കമ്മ്യൂണിറ്റി കോളേജിന്റെ നിർവചനമാണ്, ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തെ ജനങ്ങളുടെ സവിശേഷമായ സാമൂഹ്യ ആവശ്യങ്ങൾക്കുവേണ്ടിയുള്ള കോളേജ്, ഇത് സാമൂഹ്യനീതിയുടെ ലക്ഷ്യവും അതുപോലെ ഡയറക്ടീവ് പ്രിൻസിപ്പിളിന്റെ ഇംപ്ലിമെന്റേഷന്റെ പ്രൊവിഷനാണ്. അതുകൊണ്ട് യാതൊരു കാരണവശാലും ഭരണഘടനാ വിരുദ്ധമാകുന്നില്ല.

ശ്രീ. എം. വി. ജയരാജൻ: അങ്ങ് കമ്മ്യൂണിറ്റി സംബന്ധിച്ച നിർവചനം പറഞ്ഞു. 15-ാം പേജിൽ അങ്ങ് പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും അത് കഴിഞ്ഞതിനുശേഷം സമുദായങ്ങൾക്കും എന്നു പറയേണ്ട കാര്യമെന്ത്?

ശ്രീ. എ. എൻ. രാജൻ ബാബു: അത് പ്രത്യേകമായ ഒരു സമുദായത്തെ ഉദ്ദേശിച്ചിരുന്നതാണെങ്കിൽ വിവേകാനന്ദൻ പറഞ്ഞതുപോലെ, അമേരിക്കൻ കോടതികൾ പറഞ്ഞതുപോലെ ഒരു സമുദായത്തിന്, ഒരു സമുദായത്തിന്റെ അടിസ്ഥാനത്തിൽ അവശതകളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടെങ്കിൽ ആ സമുദായത്തിന്റെ അടിസ്ഥാനത്തിൽ അതിന് പരിഹാരം കാണേണ്ടത് സാമൂഹ്യ നീതിയുടേതാണ്.

മി. സ്പീക്കർ: ഇന്നലെ ചോദിച്ച ചോദ്യങ്ങൾ അതേപടി ചോദിക്കുന്നു, അതേ ഉത്തരങ്ങൾ, റിപ്പീറ്റു ചെയ്യുന്നു. വേറെ പറയൂ.

ശ്രീ. എം. എം. ഹസ്സൻ: കമ്മ്യൂണിറ്റി ലിവിംഗ്, കമ്മ്യൂണിറ്റി സർവ്വീസ് എന്നൊക്കെ പറയുന്നത് ഒരുമിച്ചു ചേർക്കലാണ്. കമ്മ്യൂണിറ്റി എന്നുള്ളതിനെ കമ്മ്യൂണൽ എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വ്യാഖ്യാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: കമ്മ്യൂണിറ്റി എന്നതിന് രണ്ടർത്ഥമുണ്ട്. സമുദായത്തിന് കമ്മ്യൂണിറ്റി എന്നു പറയും. സൊസൈറ്റിക്ക് കമ്മ്യൂണിറ്റി എന്നു പറയും. അങ്ങനെ രണ്ടർത്ഥമുണ്ട്.

ശ്രീ. എ. എൻ. രാജൻ ബാബു: അടിസ്ഥാനരഹിതമായ ഒരു വ്യാഖ്യാനമാണ്. അടുത്തതായി പറഞ്ഞത്, ഏകാധിപത്യത്തോടുകൂടിയുള്ള ഭരണമാണ്, ജനാധിപത്യ സ്വഭാവം നഷ്ടപ്പെട്ടിരിക്കുന്നുവെന്നാണ്. യൂണിവേഴ്സിറ്റികളുടെ അധികാരങ്ങൾ 7-ാം വകുപ്പിൽ പറയുന്നുണ്ട്. 45 അധികാരങ്ങളാണ് യൂണിവേഴ്സിറ്റികൾക്ക് കൊടുത്തിട്ടുള്ളത്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് ഉപവകുപ്പുകൾ ഒഴിച്ചാൽ ബാക്കിയെല്ലാം സർവ്വകലാശാലകൾതന്നെ അധികാരം വിനിയോഗിക്കണമെന്നാണ് പറയുന്നത്. ഈ മൂന്ന് വകുപ്പുകൾ എന്നു പറയുന്നത്, ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി യൂണിവേഴ്സിറ്റി കോളേജുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും അഫിലിയേറ്റഡ് കോളേജിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ഒക്കെ സേവന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതാണ്. ഇതൊരു പുതിയ വകുപ്പല്ല. സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന വാദഗതി അംഗീകരിച്ചുകൊണ്ട്, സെലക്ട് കമ്മിറ്റിക്ക് വിട്ടതിനുശേഷം, നേരത്തെ പാസ്സാക്കിയിട്ടുള്ള കേരളാ യൂണിവേഴ്സിറ്റി നിയമത്തിലെ 5-ാം വകുപ്പിൽ അതുതന്നെ പ്രൊവൈഡ് ചെയ്തിരിക്കുകയാണ്. To fix and regulate with the previous sanction of the Government, the fee payable to the colleges and recognised institutions.....with the previous sanction of the Government to regulate the conditions of service of teachers. ഈ മൂന്ന് ഉപവകുപ്പുകളും നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിലെ വകുപ്പുകൾ തന്നെയായിരിക്കുന്നു എന്നു പറയുമ്പോൾ സ്വയംഭരണാവകാശം നഷ്ടപ്പെടുമെന്നു പറയുന്നതിൽ അർത്ഥമില്ല. അതിന് എതിരായിട്ട് ശ്രീ. എം. വി. ജയരാജൻ ചൂണ്ടിക്കാണിച്ചത് 11-ാം വകുപ്പും 85-ാം വകുപ്പുമാണ്. 11-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്. പ്രോ-വൈസ്-ചാൻസലറുടെ അധികാരമാണ്. ആദ്യമായി യൂണിവേഴ്സിറ്റി നിയമത്തിൽ എഡ്യൂക്കേഷൻ മിനിസ്റ്ററെ പ്രോ-വൈസ്-ചാൻസലറാക്കി നിയമം കൊണ്ടുവന്നത് ഇ.എം.എസ്സിന്റെ മന്ത്രിസഭാ കാലത്ത് 1969-ലാണ്. അന്നാണ് ആദ്യമായി വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പ്രോ-വൈസ്-ചാൻസലറിനുള്ള പ്രൊവിഷൻ ഉണ്ടാക്കിയത്. അന്ന് പ്രോ-വൈസ്-ചാൻസലർക്കുണ്ടാക്കിയ അധികാരങ്ങളാണ് ഇന്ന് 11-ാം വകുപ്പു പ്രകാരം ഉദ്ദേശിക്കുന്നത്. ചാൻസലറുടെ ആബ്സൻസിൽ ആ അധികാരങ്ങൾ വിനിയോഗിക്കുവാനുള്ള അധികാരം പുതിയതായി ഈ നിയമത്തിൽ വന്നിട്ടുള്ളതല്ല. രണ്ടാമത് പറഞ്ഞത്, 85-ാം വകുപ്പാണ്. യൂണിവേഴ്സിറ്റികളിലും കോളേജുകളിലും ഇൻസ്പെക്ഷൻ നടത്താനുള്ള അധികാരം സർവ്വകലാശാലയുടെ അധികാരത്തിൽ പറയുന്നുണ്ട്. ഈ ഇൻസ്പെക്ഷൻ നടത്താനുള്ള അധികാരം പുതിയതായി ഈ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളതല്ല. പഴയ കേരളാ യൂണിവേഴ്സിറ്റി നിയമത്തിൽ സെക്ഷൻ 70-ഉം 71-ഉം അനുസരിച്ച് ഇൻസ്പെക്ഷൻ നടത്താനും ആ ഇൻസ്പെക്ഷന്റെ അടിസ്ഥാനത്തിൽ നടപടികൾ എടുക്കുവാൻ സിൻഡിക്കേറ്റ് നിർദ്ദേശിക്കുവാനും നടപടികൾ എടുക്കുന്നതിന് ഗവൺമെന്റിനും അധികാരം ഉണ്ടായിരുന്നു. അത് പുതിയ നിയമത്തോടുകൂടി കൊണ്ടുവന്നതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എസ്. എൻ. ഡി. പി. നേതാവായിട്ടുള്ള ബഹുമാനപ്പെട്ട രാജൻ ബാബു, ഈ ബില്ലിനകത്ത് എയ്ഡഡ് കോളേജിലുള്ള അദ്ധ്യാപക നിയമനത്തിൽ സംവരണം വേണമെന്ന് ഒരു വാക്ക് പറയാൻ എന്തുകൊണ്ട് അങ്ങേയ്ക്ക് തോന്നുന്നില്ല.

ശ്രീ. എ. എൻ. രാജൻ ബാബു: ഞാൻ അതിലേയ്ക്ക് വരുകയാണ്. അതായത് സംവരണത്തിന്റെ പ്രൊവിഷൻ ഇതിനകത്തില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അത് പരിപൂർണ്ണമായി ശരിയല്ല. ഇതിന്റെ 5-ാം വകുപ്പ് പരിശോധിച്ചാൽ സർവ്വകലാശാല അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ നടത്തിക്കൊണ്ടുപോകുന്നതോ നിയന്ത്രിക്കുന്നതോ ആയ ഏതെങ്കിലും കോളേജിലോ സ്ഥാപനത്തിലോ വിദ്യാർത്ഥികളായി പ്രവേശനം നൽകുന്നതിലേയ്ക്ക് വനിതകൾക്ക് വേണ്ടിയോ അല്ലെങ്കിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലോ അല്ലെങ്കിൽ പട്ടികജാതി-പട്ടിക വർഗ്ഗങ്ങളിൽപ്പെട്ട അംഗങ്ങൾക്ക് സീറ്റ് സംവരണം ചെയ്യേണ്ടത് എന്ന പ്രൊവിഷൻ ഇതിലുണ്ട്. അതോടൊപ്പം സർവ്വകലാശാലയുടെ കീഴിലുള്ള ഓരോ വകുപ്പിലേയും വിഭാഗത്തിലും കാറ്റഗറിയിലുമുള്ള തസ്തികകളിലേയ്ക്ക് സർവ്വകലാശാലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെയോ തസ്തികകളിലേയ്ക്കോ നേരിട്ട് നിയമനം നടത്തിക്കുന്നതിൽ കെ.എസ്.ആർ.-ന്റെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങൾ ബാധകമാണ്. അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും നിയമനത്തിനും ഇത് ബാധകമാക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. 5-ാം വകുപ്പ് അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കുംകൂടി ബാധകമാക്കിക്കൊണ്ടുള്ള ഒരു പ്രൊവിഷൻ ഉണ്ടാകണമെന്നാണ് അതിനെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായം.

ശ്രീ. കെ. പി. രാജേന്ദ്രൻ: യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ച് ശ്രീ. വെള്ളാപ്പിള്ളി നടേശനും ശ്രീ. വിദ്യാസാഗറും നടത്തിയ ഒരു പ്രസ്താവന അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ എന്നറിയില്ല. സംവരണം ഒഴിവാക്കി, ചില പ്രത്യേക ന്യൂനപക്ഷ വിഭാഗക്കാരെ സഹായിക്കാൻവേണ്ടി ഉണ്ടാക്കിയതാണ് ഈ നിയമം, അതിലേയ്ക്കാണ് ഈ ബിൽ ഉദ്ദേശിക്കുന്നത് എന്നു പറഞ്ഞ കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: ഇവിടെ പറഞ്ഞതിനെ അടിസ്ഥാനമാക്കി ചോദ്യം ചോദിക്കണം. റിസർവ്വേഷനെപ്പറ്റി ഇന്ന ക്ലാസ് ഉണ്ടെന്ന് അദ്ദേഹം പറയുന്നു. അതു വച്ച് ചോദ്യം ചോദിക്കണം.

ശ്രീ. എ. എൻ. രാജൻ ബാബു: ഇപ്പോൾ യൂണിവേഴ്സിറ്റി നിയമത്തിൽ ഭാഗികമായി സംവരണത്തിന് പ്രൊവിഷൻ ഉണ്ട്. അത് മറ്റു അഫിലിയേറ്റഡ് കോളേജുകളിലേയ്ക്കും ബാധകമാക്കണം എന്നു തന്നെയാണ് എന്റെ ആവശ്യം.

ശ്രീ. സി. കെ. നാണു: അങ്ങിവിടെ വായിച്ച വകുപ്പിൽത്തന്നെ 'അല്ലെങ്കിൽ' എന്നു പറയുന്നു. പിന്നോക്ക വിഭാഗങ്ങൾക്കും കിട്ടണം. പട്ടികജാതി വിഭാഗത്തിന് കിട്ടണം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിൽ എഴുതിയത് താങ്കൾ പറയണം. 'അല്ലെങ്കിൽ' എന്നല്ല. പിന്നോക്ക വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും എല്ലാവർക്കും കിട്ടണം. അവരവർക്ക് അർഹതപ്പെട്ടത് കിട്ടണം. അതുണ്ടോ എന്നു നോക്കണം.

ശ്രീ. എ. എൻ. രാജൻ ബാബു: ഒരു നല്ല നിർദ്ദേശമാണ്.

ശ്രീ. എം. വി. ജയരാജൻ: അധ്യായം 13-ഉം 14-ഉം യഥാർത്ഥത്തിൽ എയ്ഡഡ് കോളേജുകളുടേയും അൺ-എയ്ഡഡ് കോളേജുകളുടേയും വിവരം നൽകുന്നതാണ്. അതിൽ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ചല്ലാതെ അദ്ധ്യാപകേതര നിയമനം സംബന്ധിച്ച് 1993-ൽ ഇ. ടി. മുഹമ്മദ് ബഷീർ കൊണ്ടുവന്നിട്ടുള്ള നിയമത്തിൽപ്പോലുമുള്ള വ്യവസ്ഥകൾ ഇല്ല, അതു മാറ്റി.

ശ്രീ. എ. എൻ. രാജൻ ബാബു: നിങ്ങൾ പറയുന്നത് അതിലേയ്ക്കുള്ള ഇൻസ്പെക്ഷനെ സംബന്ധിച്ച് പ്രൊവിഷൻ ഉണ്ടാക്കിയപ്പോൾ സർവ്വകലാശാലകളുടെ സ്വയം ഭരണാധികാരത്തിൽ കൈകടത്തലാണെന്ന വാദഗതിയാണ് ഇപ്പോൾ കൊണ്ടുവരുന്നത്. സാധാരണ ഇംഗ്ലീഷ് പ്രൊവൈസോയിൽ 'may' എന്നാണ് ഉപയോഗിക്കാറുള്ളത്. അതൊക്കെ 'shall' എന്നുള്ള രീതിയിൽ വ്യാഖ്യാനിക്കുകയാണ്. സാധാരണ രീതിയിൽ 'may' ആണ്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കുന്നത്. ഇവിടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് പറയുകയുണ്ടായി. ജനറൽ കൗൺസിലിൽ, പഴയ സെനറ്റിൽ ഉണ്ടായിരുന്നതും എക്സ് ഒഫിഷ്യോ മെമ്പർമാരും ഇലക്റ്റഡ് മെമ്പർമാരും നോമിനേറ്റഡ് ലൈഫ് മെമ്പർമാരും ഉണ്ടായിരുന്നു. ഇപ്പോൾ ജനറൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പും അങ്ങനെത്തന്നെയാണ്. പ്രിൻസിപ്പാൾമാരിൽ നിന്നും ടീച്ചർമാരിൽനിന്നും അദ്ധ്യാപകേതര ജീവനക്കാരിൽ നിന്നുമുള്ള പ്രതിനിധികൾ ഇന്നും തെരഞ്ഞെടുക്കപ്പെട്ടവരാണ്. പിന്നീടൊരു വാദഗതി കൊണ്ടുവരുന്നത്, വ്യവസായികളെ തെരഞ്ഞെടുക്കുന്നു എന്നുള്ളതാണ്. ഇത് പുതിയൊരു വകുപ്പല്ല. നിലവിലുള്ള കേരളാ യൂണിവേഴ്സിറ്റി നിയമത്തിൽ, ഇൻഡസ്ട്രിയിൽനിന്നും റെപ്രസന്റേറ്റീവിനെ കൊണ്ടുവരുന്ന നിയമമാണ്. മറ്റൊന്ന്, വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യമില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ചാൻസലർ ഇലക്ട് ചെയ്യുന്ന 3 വിദ്യാർത്ഥികളും ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന 5 വിദ്യാർത്ഥികളും ഉൾപ്പെടെ 8 വിദ്യാർത്ഥികളുണ്ട്. പക്ഷേ അതിൽ ഒരു വ്യത്യാസമുണ്ട്. ഇവിടെ തെരഞ്ഞെടുക്കപ്പെടുന്നത്, അക്കാഡമിക് മെറിറ്റിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കാൻ പ്രൊവിഷൻ കൊടുത്തിരിക്കുന്നത്. അങ്ങനെ അക്കാഡമിക് മെറിറ്റിലുള്ള വിദ്യാർത്ഥികളെ നോമിനേറ്റ് ചെയ്യുന്നതിനുള്ള ഗൈഡ്ലൈനോടുകൂടി നോമിനേറ്റഡ് അധികാരം കൊടുത്തത് ആർബിട്രറിയാണെന്ന് പറയാൻ സാധിക്കുകയില്ല. അക്കാഡമിക് കൗൺസിലിന്റെ കാര്യം ഇവിടെ പറഞ്ഞു. അത് അഡ്വൈസറി ബോർഡാണ്. പക്ഷേ അവർ പ്രവർത്തിക്കേണ്ടത് ഇവിടത്തെ, അദ്ധ്യാപകരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും യോഗ്യത വർദ്ധിപ്പിക്കുന്നതിനും കാലാകാലങ്ങളിൽ യു.ജി.സി.-യും 'NAC'-യും ഇമ്പോസ് ചെയ്യുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉപദേശം കൊടുക്കാനുംവേണ്ടി മാത്രമാണ്. അതൊരു ഉപദേശക സമിതി എന്ന രീതിയിൽ മാത്രമാണ്. ഗവൺമെന്റിന്റേയോ സർവ്വകലാശാലകളുടേയോ അധികാരം പിടിച്ചുപറ്റുന്നതല്ലായെന്നുള്ളതാണ് അതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഈ ബിൽ വായിച്ചിരുന്നുവെങ്കിൽ മാത്രമേ ഇവിടെ ഉയർത്തിയിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നുള്ളത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഈ ബിൽ കത്തിച്ചു കളയുകയല്ല. അത് വായിക്കേണ്ടതായിരുന്നു എന്നുമാത്രം പറഞ്ഞുകൊണ്ട്, ഇതിനെ പിൻതാങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പോൾസൺ മാസ്റ്റർ.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഇനി മന്ത്രിയുടെ മറുപടിയല്ലേ.....

മി. സ്പീക്കർ: മുറയനുസരിച്ചാണ് വിളിക്കുന്നത്. അമെന്റ്മെന്റ് തന്ന മുറയനുസരിച്ചാണ് വിളിക്കുന്നത്. അപ്പുറത്തുള്ളവരല്ലേ എല്ലാവരും സംസാരിച്ചത്. ശ്രീ. സുപാൽ, പ്രതിപക്ഷ നേതാവ്, ശ്രീ. മത്തായി ചാക്കോ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എം. വി. ജയരാജൻ എന്നിവർ അപ്പുറത്തല്ലേ? പാർട്ടി അടിസ്ഥാനത്തിൽ വേണമെന്നുണ്ടെങ്കിൽ സംസാരിക്കാമായിരുന്നു. അത് ആദ്യം തീരുമാനിക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് കുറച്ചു സമയം മാത്രമേ കിട്ടൂ. പക്ഷേ നിങ്ങളുടെ പ്രധാനപ്പെട്ട നേതാക്കന്മാരെല്ലാം സംസാരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇന്നലെ പറഞ്ഞത് ശ്രീ. രാജൻ ബാബു സംസാരിച്ചുകഴിഞ്ഞാൽ മന്ത്രിയുടെ മറുപടി എന്നാണ്. അതുകൊണ്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. രാജൻ ബാബു കഴിഞ്ഞ് മന്ത്രിയുടെ മറുപടി എന്നു പറഞ്ഞത് ശരിയാണ്. ഒരു മണിക്കൂർ മന്ത്രിക്ക് മറുപടി പറയാനാണ്. ഒന്നാമത് ആ സമയം ആയിട്ടില്ല. മന്ത്രിയോട് എത്ര സമയം വേണമെന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 45 മിനിറ്റ് വേണമെന്നാണ്. ബാക്കി സമയം വേസ്റ്റാക്കുന്നത് എന്തിനാണ്? അതുകൊണ്ട് മുറയനുസരിച്ച് അമെന്റ്മെന്റ് തന്നയാളുകളെ വിളിക്കുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, സർവ്വകലാശാലകൾക്ക് സ്വയംഭരണം നൽകിയത് അവയുടെ ലക്ഷ്യം പൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതിനുവേണ്ടിയാണ്. സർവ്വകലാശാലകൾക്ക് മഹത്തായ ഒരു ലക്ഷ്യമുണ്ട്. ഒരു രാജ്യത്തിന്റെ ഭാവി പൗരന്മാരെ വാർത്തെടുക്കുന്ന വളരെ മഹത്തായ ഒരു സേവനമാണ് സർവ്വകലാശാലകൾക്ക് നിർവ്വഹിക്കാനുള്ളത്. വിദ്യാഭ്യാസ വിചക്ഷണനായ പ്രൊഫ. കോത്താരി ഒരിക്കൽ പറയുകയുണ്ടായി. The very shape of our nation is being built in the class rooms എന്ന്. നമ്മുടെ രാജ്യത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് ക്ലാസ് മുറികളിൽ ആണ്. രാജ്യത്തിന്റെ ഒരു ഭാവി എപ്രകാരം രൂപപ്പെടുന്നു, എങ്ങനെയുള്ള പൗരന്മാരായിരിക്കണം, അവരെ വളർത്തിയെടുക്കാനുള്ള വിശാലമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കേണ്ട യൂണിവേഴ്സിറ്റികൾ കഴിഞ്ഞ കുറേയേറെ നാളുകളായി രാഷ്ട്രീയ തിമിരം ബാധിച്ച് പലപ്പോഴും ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. പലപ്പോഴും ഗവൺമെന്റിനോ നിയമസഭയ്ക്കോ വ്യവസ്ഥാപിതമായ ഒരു സ്ഥാപനത്തിനും ഒരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കുന്ന കാഴ്ചകളാണ് കാണാൻ സാധിക്കുന്നത്. ഗവൺമെന്റ് ഇവയുടെ പ്രവർത്തനങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റുകൾ എന്തിനുവേണ്ടി ചെലവു ചെയ്യുന്നു, ഏതെല്ലാം വിധത്തിൽ ചെലവു ചെയ്യുന്നു എന്നതിനെക്കുറിച്ച് പരിശോധിക്കാൻപ്പോലും വ്യക്തമായ ഒരു മാർഗ്ഗവും നിർദ്ദേശവുമില്ലാത്ത ഒരു കാലഘട്ടമാണ്. സിൻഡിക്കേറ്റുകൾ പലപ്പോഴും ടി.എ.-യും ഡി.എ.-യും വാങ്ങി, വലിയ പോക്കറ്റുമണി വാങ്ങി പണം ധൂർത്തടിക്കുന്നതിനുള്ള വേദിയായി മാറുന്നു. നാട്ടുകാർ വെള്ളാനകൾ എന്നുപോലും വിളിച്ച് ഇത്തരം സ്ഥാപനങ്ങളെ അവഹേളിക്കുന്ന സാഹചര്യമുണ്ട്. കഴിഞ്ഞ കുറെ നാളുകളായി യൂണിവേഴ്സിറ്റികൾ നടത്തുന്ന പരീക്ഷകളുടെ സമ്പ്രദായം നോക്കിയാൽ ജയിക്കുന്നവർ തോൽക്കുന്നു, തോൽക്കുന്നവർ ജയിക്കുന്നു. റാങ്കു കിട്ടുന്നവർ പിന്നീട് തോൽക്കുന്നു. വ്യക്തമായി ഉത്തരക്കടലാസുകൾ പരിശോധിക്കാൻ പണം കൊടുത്താൽപ്പോലും വർഷങ്ങളോളം കാത്തിരുന്നാൽപ്പോലും അതിനു സാധിക്കാത്ത സംവിധാനങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉള്ളത്. ഉത്തരക്കടലാസുകൾ പലപ്പോഴും നോക്കിക്കൊടുക്കാൻ സാധിക്കുന്നില്ല. ചില പച്ചക്കറിക്കടകളിലും മൽസ്യമാർക്കറ്റുകളിലും സാധനങ്ങൾ പൊതിഞ്ഞു കൊടുക്കുന്ന തരത്തിൽ അവ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ നമ്മൾ പത്രങ്ങളിൽ വായിച്ചുകേട്ടിട്ടുള്ളതാണ്. ഇങ്ങനെയുള്ള കുത്തഴിഞ്ഞ പ്രവർത്തനങ്ങളാണ് യൂണിവേഴ്സിറ്റികൾക്ക് കഴിഞ്ഞ കാലങ്ങളിലൊക്കെ നടത്താൻ സാധിച്ചിട്ടുള്ളത്. യു.ജി.സി. ഗ്രാന്റിനുവേണ്ടി അദ്ധ്യാപകർ സമരം ചെയ്യുന്നു, നല്ല കാര്യമാണ്, അവരുടെ അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല. പക്ഷേ ഇന്ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ മുന്നിൽ യു.ജി.സി. ഗ്രാന്റിനുവേണ്ടി സമരം ചെയ്യുന്ന അദ്ധ്യാപകർ അവരുടെ പാഠഭാഗങ്ങൾ എടുത്തു തീർക്കുന്നതിൽ അത്രയും ശുഷ്കാന്തി കാണിക്കുന്നില്ല എന്നുള്ളത് അനുഭവങ്ങളിൽനിന്നും അറിയാൻ സാധിക്കും. പരീക്ഷയ്ക്ക് സമയമാകുമ്പോൾപോലും portions തീർക്കാത്ത വളരെയേറെ ആളുകളെ നമുക്ക് കാണാൻ സാധിക്കും. പാഠ്യപദ്ധതികൾ പൂർത്തിയാക്കാതെയാണ് പലപ്പോഴും കുട്ടികൾ പരീക്ഷയെ അഭിമുഖീകരിക്കുന്നത്. അതുപോലെ quantitative

LIBRARY ARCHIVES Kerala Legislative Assembly

ആയിട്ടുള്ള qualitative അല്ലാത്ത ആയിരക്കണക്കിന് ഡിഗ്രി വിദ്യാർത്ഥികളേയും പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികളേയും പുറത്തുവിടുന്ന ഒരു സാഹചര്യം മാത്രമാണ് നമുക്കുള്ളത്. യൂണിവേഴ്സിറ്റി എന്നു പറയുമ്പോൾ നമ്മുടെ രാജ്യത്തെ ഭാവി ഭാഗധേയം നിർണ്ണയിക്കപെടേണ്ട ഉത്തമ പൗരന്മാരെ വാർത്തെടുക്കേണ്ട, യൂണിവേഴ്സിറ്റികളിൽക്കൂടി പുറത്തുവരുന്ന ഡിഗ്രി പാസ്സായവർക്കും postgraduation പാസ്സായവർക്കുപോലും അവർ പഠിച്ച വിഷയങ്ങളോട് നീതി പുലർത്താൻ സാധിക്കാത്ത തരത്തിൽ അത്രയേറെ മോശമായ പ്രകടനമാണ് അവർ കാഴ്ച വയ്ക്കുന്നത്. .അന്തർദേശീയ, ദേശീയ മൽസര പരീക്ഷകളിൽ പലപ്പോഴും നാം പിന്തള്ളപ്പെട്ടു പോകുന്ന സാഹചര്യമുണ്ട്. നമുക്കറിയാം, നമ്മൾ സാക്ഷരത കൈവരിച്ച ഒരു സംസ്ഥാനമാണ്. അതോടൊപ്പംതന്നെ വിദ്യാസമ്പന്നരുടെ നാടാണ് കേരളമെന്നൊക്കെ പറയുമെങ്കിൽപ്പോലും IFS, IPS, IES, IAS തുടങ്ങിയ മൽസര പരീക്ഷകളിലും ദേശീയവും അന്തർദേശീയവുമായ മൽസരങ്ങളിലും ജോലി സാധ്യതയുള്ള വലിയ രംഗങ്ങളിൽപ്പോലും നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾ പിന്തള്ളപ്പെട്ടു പോകുന്നത് ഇതിനെല്ലാം പ്രകടമായ ഉദാഹരണങ്ങളാണ്. ഓരോ വർഷവും ആയിരക്കണക്കിന് വിദ്യാർത്ഥികൾ ജയിച്ചു ഡിഗ്രി എടുത്തു വരുന്നുവെങ്കിൽപ്പോലും അവർക്ക് മറ്റു സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളോട് മൽസരിച്ച് ജോലി ലഭിക്കാൻ, നമ്മുടെ സംസ്ഥാനത്തിന്റെ മഹത്തായ പുനർനിർമ്മാണത്തിനുവേണ്ടി അവരുടെ കഴിവുകൾ വിനിയോഗിക്കാൻ സാധിക്കാത്ത വളരെയധികം സാഹചര്യങ്ങൾ നമുക്ക് കാണാൻ സാധിക്കും. അതുപോലെത്തന്നെ ഇന്നലെ ഇവിടെ പ്രസംഗിച്ച പ്രതിപക്ഷാംഗങ്ങൾ എല്ലാവരും പ്രധാനമായും പറഞ്ഞത് വൈസ് ചാൻസലർമാർ നോക്കുകുത്തികളാകുന്നു എന്നുള്ളതാണ്. വ്യക്തമായി സർക്കാരിന് നിയന്ത്രണമുള്ള വൈസ് ചാൻസലറാകും ഇവിടെ അവരോധിക്കപ്പെടുക എന്നുള്ളതാണ്.....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ഇന്നലെ പ്രതിപക്ഷം ഈ ബില്ലിനെ സംബന്ധിച്ച് എടുത്ത ചില നിലപാടുകളെ സംബന്ധിച്ചാണല്ലോ സൂചിപ്പിക്കുന്നത്. ഇന്നലെ കമ്മ്യൂണിറ്റി കോളേജ് എന്നുള്ള പരാമർശത്തെ പിടിച്ചുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കം ഇത് സമുദായത്തെ പ്രീണിപ്പെടുത്താനാണെന്നുള്ള മട്ടിൽ ഇവിടെ പ്രസംഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്റെ പ്രധാനപ്പെട്ട ചോദ്യം 2000-ത്തിൽ ചിന്തയുടെ എഡിറ്ററായ ശ്രീ. സി. പി. നാരായണനെ പ്ലാനിംഗ് ബോർഡിന്റെ സബ്കമ്മിറ്റിയായി ചുമതലപ്പെടുത്തി, വിദ്യാഭ്യാസത്തെ സംബന്ധിച്ച് പഠനം നടത്തി ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടാണ് എന്റെ കൈയിലിരിക്കുന്നത്. ആ റിപ്പോർട്ടിൽ 62-ഉം 63-ഉം പേജുകളിൽ പറഞ്ഞിരിക്കുന്നതിന്റെ ഒരു ഭാഗം ഞാൻ വായിക്കാം. The close linkage should be established between colleges through the establishment of community college council in which members representing the management, teachers, students, parents and Local Government will be represented. അതുപോലെത്തന്നെ വേറെ പല സ്ഥലത്തും Community College Council-നെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. സി.ഡി.എസ്. എന്നു പറയുന്ന sociological meaning-ലാണ് ഇത് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. നമ്മുടെ നാട്ടിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റിനെപ്പോലും ജാതീയമായും മതപരമായും ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലുള്ള ഉന്നതരായ ആളുകൾ ചിത്രീകരിക്കുന്നു എന്നുള്ളത് ഖേദകരമല്ലേ?

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: പലപ്പോഴും അവർക്ക് communalism-വും communism-വും തമ്മിൽ തിരിച്ചറിയാൻ പറ്റാത്ത സ്ഥിതിയിലായി മാറിയിരിക്കുന്ന ഒരു സാഹചര്യമാണ് ഇന്ന് കാണാൻ സാധിക്കുന്നത്. അതുകൊണ്ടുതന്നെ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് പറയാൻ കാരണം നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ 48 unaided കോളേജുകൾ കൊടുത്തു. ആ 48 unaided കോളേജുകളിൽ18 മുസ്ലീം മാനേജ്മെന്റ്, 17 ക്രിസ്ത്യൻ മാനേജ്മെന്റ്, 4 എസ്.എൻ.ഡി.പി. ഇങ്ങനെ ജാതി-മതാടിസ്ഥാനത്തിൽ കോളേജുകൾ കൊടുക്കുന്ന നിങ്ങളുടെ കൈയിൽ ഈ വകുപ്പുംകൂടി കിട്ടിക്കഴിഞ്ഞാൽ ഏതുതരത്തിലാണ് ഇത് കൊടുക്കാൻ പോകുന്നതെന്നുള്ളത് വ്യക്തമല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഞങ്ങൾ അത് കൊടുത്തു, സത്യമാണ്. ഞങ്ങൾ എല്ലാ സമുദായത്തോടും ഒരു സഹവർത്തിത്വത്തിൽ പോകണമെന്ന് ആഗ്രഹിക്കുന്ന ആളുകളാണ്. ശ്രീ. പി. ജെ. ജോസഫിന്റെ ഗവൺമെന്റിന്റെ കാലത്ത് 300 പള്ളിക്കൂടങ്ങൾക്ക് പ്ലസ് ടു കൊടുത്തു. അതിൽ ക്രിസ്ത്യാനികൾക്ക് എത്ര, നായർക്ക് എത്ര, ഈഴവർക്ക് എത്രയാണ് എന്നുള്ള കണക്കെല്ലാം ഞങ്ങളുടെ കൈയിലുമുണ്ട്. എന്റെ ചോദ്യം ഇവിടെ community college എന്നു പറയുന്നു, നമ്മുടെ community college-ഉം ഈ പറയുന്ന വിധത്തിലുള്ള communalism-വും രണ്ടും രണ്ടാണ്. ഇവിടെ community hall ഇല്ലേ? community hall എന്നു പറഞ്ഞാൽ ഒരു സമുദായത്തിനു മാത്രമേ കയറാൻ പാടുള്ളൂ എന്നാണോ? നമുക്ക് community living ഇല്ലേ? community living എന്നു പറഞ്ഞാൽ ഒരു സമുദായംമാത്രം ഒരുമിച്ചു ജീവിക്കുന്നു എന്നാണോ? community college-ഉം communalism-വും രണ്ടും രണ്ടാണ്. ഒന്ന് സമൂഹമാണ്, മറ്റൊന്ന് സമുദായമാണ്. സമൂഹത്തിനെ നിങ്ങൾ സമുദായമായി തെറ്റിദ്ധരിച്ച് എവിടേയും സാമുദായിക സ്പർദ്ധയുണ്ടാക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമാണ്, അത് അങ്ങേക്ക് അറിയാമോ? .....(ബഹളം).....

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: നേരത്തെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ മുസ്ലീം മാനേജ്മെന്റും ക്രിസ്ത്യൻ മാനേജ്മെന്റും തമ്മിൽ 18, 17 റേഷ്യോ ആണെന്ന് പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എത്ര മുസ്ലീം മാനേജ്മെന്റ്, എത്ര ക്രിസ്ത്യൻ മാനേജ്മെന്റ് എന്നുള്ളതല്ല, കൊടുക്കുന്നതിൽ സുതാര്യതയുണ്ട്, അർഹതയുള്ള മുഴുവൻ ആളുകൾക്കും അപേക്ഷകർക്കും കൊടുത്തു എന്നുള്ളതും മറ്റ് സമുദായങ്ങൾക്ക് അതിൽ പരാതിയില്ലെന്നുള്ളതുമാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ഏതെങ്കിലുമൊരു സമുദായം ഇതു ലഭിച്ചില്ല എന്നോ അതിൽ കുറവുണ്ടെന്നോ പറയുകയുണ്ടായില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോഴും ശ്രീ. പിണറായി വിജയൻ ഇന്നലേയും ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട്, എന്താണ്? കൊടുത്ത സ്ഥാപനങ്ങളിൽ minorities ആണ് ഭൂരിപക്ഷമെന്നു പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനു ശേഷം കൊടുത്ത ഒരൊറ്റ കോളേജിനും minority right കൊടുത്തിട്ടില്ല. Minority right കൊടുക്കാത്ത കാലത്തോളം A-ക്ക് ആകട്ടെ, B-ക്ക് ആകട്ടെ നിങ്ങളൊരു കോളേജ് കൊടുത്താൽ ഒരു പ്രൈവറ്റ് കോളേജ് കൊടുത്ത ഗുണമല്ലാതെ minority-ക്ക് പ്രത്യേകമായി ഒരു ഗുണവുമില്ല. ഒരു വ്യക്തിക്ക് കൊടുത്ത കോളേജ് minority ആണെന്ന് വ്യാഖ്യാനം ചെയ്യുന്നത് ദുരുദ്ദേശപരമല്ലേ എന്ന് പരിശോധിക്കേണ്ടതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: അത് ശരിയാണ്, ഞാൻ നേരത്തെ പറഞ്ഞത് യു.ഡി.എഫ്. ഗവൺമെന്റ് നൽകിയത് minority-യും majority-യും നോക്കിയിട്ടല്ല. Communism-വും communalism-വും നോക്കിയിട്ടല്ല. അപേക്ഷകർക്കെല്ലാം അർഹത

LIBRARY ARCHIVES Kerala Legislative Assembly

നോക്കി തികച്ചും സുതാര്യമായ രീതിയിൽ അതു കൊടുത്തു എന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ പ്രത്യേകത. നിങ്ങളുടെ കാലഘട്ടത്തിൽ പ്ലസ് ടു തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കു വച്ചപ്പോൾ വന്നിട്ടുള്ള സംഭവവികാസങ്ങൾ ഈ സഭയ്ക്കകത്തും പുറത്തുമെല്ലാം എല്ലാവർക്കും അറിയാവുന്നതാണ്. ഈ നാൾ വരേയും നൂറു കണക്കിന് സ്കൂളുകൾ, നൂറു കണക്കിന് പ്രൊഫഷണൽ കോളേജുകൾ എല്ലാം നൽകിയിട്ടും യാതൊരു പരാതിയുമില്ലാതെ കൊടുത്തു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത.

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട പോൾസൺ മാസ്റ്റർ, ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ ഗൗരവമുള്ള ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. ഞങ്ങൾ നിൽക്കുന്നത് ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ വേണ്ടി തന്നെയാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ തലവനായ മുഖ്യമന്ത്രി പോലും തള്ളിപ്പറയുമ്പോൾ ഞങ്ങൾ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ, സാമൂഹ്യപരമായുള്ള അവകാശങ്ങളെ

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

പിന്തുണയ്ക്കാൻ നിൽക്കും. എന്നാൽ ന്യൂനപക്ഷങ്ങളുടെ പേരിൽ ഇപ്പോൾ ന്യൂനപക്ഷങ്ങളിലെ കച്ചവടക്കാർക്കും പ്രമാണിമാർക്കുമാണ് നിങ്ങൾ സ്കൂളും കോളേജും വിൽക്കുന്നത്. പക്ഷേ ന്യൂനപക്ഷങ്ങളിൽ പാവങ്ങളെ നിങ്ങളുടെ ഗവൺമെന്റിന് അറിയില്ല.....(ബഹളം).....

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. പിണറായി വിജയനും ഇന്നലെ പ്രസ്താവന ഇറക്കി, ഞാൻ ശ്രീ. പിണറായി വിജയന്റെ പ്രസ്താവന ഇന്നലെ ടി.വി.-യിൽ കേട്ടു, minority ഇത്ര കോളേജ് എന്നാണ് പറഞ്ഞത്, I agree with you. അതായത് minority ഈ രാജ്യത്ത് അവിഹിതമായി എന്തെങ്കിലും നേടിയെന്ന് സ്ഥാപിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നേടിയില്ല, minority right കൊടുത്തിട്ടില്ല. ഞാനും ആ അഭിപ്രായക്കാരനാണ്, കൊടുക്കണമെന്നുള്ളതാണ് എന്റേയും അഭിപ്രായം. ഗവൺമെന്റ് minority right കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. പക്ഷേ കൊടുത്തിട്ടില്ല, കൊടുത്തിട്ടുണ്ടെന്ന് നിങ്ങൾ തെറ്റായി വ്യാഖ്യാനം കൊടുക്കുകയാണ് .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please.....Please.....Please resume your seat.....(ബഹളം).....

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: യഥാർത്ഥത്തിൽ ശ്രീ. പിണറായി വിജയൻ പറഞ്ഞത് ആവർത്തിച്ച് ഇത് മൈനോരിറ്റീസിനുമാത്രം കൊടുത്തു എന്ന് സ്ഥാപിച്ച് ഒരു പുതിയ സാമുദായിക സംഘർഷം ഉണ്ടാക്കാനുള്ള മനഃപൂർവ്വമായ പ്രവർത്തനമാണ് ഇതിനു പിന്നിലുള്ളത്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ എഴുന്നേറ്റു നിൽക്കുമ്പോൾ ദയവു ചെയ്ത് അംഗങ്ങൾ സംസാരിക്കരുത്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: വൈസ് ചാൻസലർമാർ ഏറ്റവും അധികം ആദരിക്കപ്പെടേണ്ടവരും ബഹുമാനിക്കപ്പെടേണ്ടവരുമാണ്. പക്ഷേ ചില വൈസ് ചാൻസലർമാരെ സംബന്ധിച്ചിടത്തോളം അവർ ഭൂമിയിലെ രാജാക്കന്മാരാണെന്നാണ് അവരുടെ വിചാരം. വൈസ് ചാൻസലർമാർ ആയിക്കഴിഞ്ഞാൽ അവരെ വൈസ് ചാൻസലർമാർ ആക്കിയ രാഷ്ട്രീയ പാർട്ടിയോടാണ് അവർക്കു താല്പര്യം. ആ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയോട് വിധേയത്വം കാണിക്കുകയും രാഷ്ട്രീയ തിമിരം ബാധിച്ച പ്രവർത്തനങ്ങളിലൂടെ യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന ഒരുപാട് അനുഭവങ്ങൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: സംസാരിക്കാൻ എല്ലാവർക്കും അധികാരമുണ്ട്. അത് നശിപ്പിക്കരുത്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: എങ്ങനെയായാലും വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതുപോലെ ഭരണഘടന വിഭാവനം ചെയ്യുന്ന എല്ലാവിധ സംരക്ഷണാനുകൂല്യങ്ങളും സംവരണങ്ങളും ഈ പുതിയ നിയമത്തിൽ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം വിശദീകരിക്കണം എന്നുള്ള അഭിപ്രായം എനിക്കുണ്ട്. സ്വാശ്രയ കോളേജുകൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപരുടെയും അനദ്ധ്യാപകരുടെയും സേവന വേതന വ്യവസ്ഥകൾക്ക് വ്യക്തമായ ഒരു ക്ലിപ്തത ഉണ്ടാകണം. അവിടെയുള്ള സ്ഥാപനങ്ങളിൽ എടുക്കുന്ന വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് അതു ഏതെല്ലാം വിധത്തിൽ ആയിരിക്കണം, അതിന്റെ ഫീസും, അവരുടെ പ്രവേശനവും ഒക്കെ വ്യക്തമാക്കുന്ന രേഖകൾ ഉണ്ടായിരിക്കണം. 21-ാം നൂറ്റാണ്ടിനെ ലക്ഷ്യമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന കേരള സംസ്ഥാനത്തിന്റെ ഭാവിക്കനുസൃതമായി ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും ഇൻഫർമേഷൻ, ബയോ ടെക്നോളജി, അഗ്രോ ടെക്നോളജി തുടങ്ങിയ സാങ്കേതിക മേഖലകളിലും ഊന്നൽ കൊടുക്കുകയും കേരളത്തിന് പുതിയ ഭാവവും രൂപവും നൽകി, ഒരു പുതിയ സമീപനത്തിലൂടെ ഈ ഏകീകൃത സർവ്വകലാശാലാ നിയമം ഒരു പുതിയ പരീക്ഷണമെന്നുള്ള നിലയിൽ രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിൽ ഏറ്റവും വലിയ പങ്കു വഹിക്കുമെന്നുള്ളതിൽ സംശയമില്ല. പുതിയ ഏകീകൃത നിയമത്തെ പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് അതു സബ്ജക്ടു കമ്മിറ്റിക്ക് വിടണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്. പിന്താങ്ങുന്നതോടൊപ്പം ചില നിർദ്ദേശങ്ങൾ കൂടിയുണ്ട്. കേരളത്തിലെ സർവ്വകലാശാലകളെ സംബന്ധിച്ചിടത്തോളം അക്കാഡമിക് കാര്യങ്ങളിൽ ഇത്രമാത്രം കുത്തഴിഞ്ഞു കിടക്കുന്ന ഒരു കാലം ഉണ്ടായിട്ടില്ല. കേരളത്തിലെ സർവ്വകലാശാലകളെ ഏകീകരിപ്പിക്കുവാനും പരീക്ഷ നടത്തിപ്പിലും യൂണിവേഴ്സിറ്റിയുടെ ഇതര അക്കാഡമിക് പ്രവർത്തനങ്ങളിലും ഏകീകരിച്ച ഒരു സംസ്ക്കാരവും ശൈലിയും സ്വഭാവവും ഉണ്ടാക്കുന്നതിനും ഈ ബില്ല് ഏറെപ്രയോജനകരമാണ് എന്നുള്ള കാര്യം പ്രത്യേകം അഭിമാനപൂർവ്വം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യംകൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിൽ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കാണുന്നില്ല. ഇതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം വേണം. എക്സിക്യൂട്ടീവ് കമ്മിറ്റിയും ജനറൽ കൗൺസിലും എന്നുള്ളത് സെനറ്റും സിൻഡിക്കേറ്റും എന്നാക്കി മാറ്റണം. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഒരു ജനറൽ കൗൺസിലും എന്നു പറയുന്നത് ഒരു കമ്പനിയുടെ നടത്തിപ്പുപോലെയാണ് വരുന്നത്. യൂണിവേഴ്സിറ്റിയുടെ യഥാർത്ഥ പവിത്രതയും അതിന്റെ മൂല്യവും നിലനിൽക്കണമെങ്കിൽ സെനറ്റും സിൻഡിക്കേറ്റുമായി മാറണം. അത് നിർബന്ധമായും സബ്ജക്ടു കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. യൂണിവേഴ്സിറ്റി എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് വിദ്യാർത്ഥികൾക്കു വേണ്ടിയുള്ളതാണ്. അല്ലാതെ ഏതാനും ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു പ്ലാറ്റുഫോമല്ല യൂണിവേഴ്സിറ്റി. കേരളത്തിലെ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിനുള്ള, ഭാവിതലമുറകളെ ഉത്തമ പൗരന്മാരാക്കുന്ന കേന്ദ്രങ്ങളാണ് യൂണിവേഴ്സിറ്റികൾ. യൂണിവേഴ്സിറ്റിയിലെ സെനറ്റിലും സിൻഡിക്കേറ്റിലും നിലവിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ട്. ഈ ഏകീകൃത സർവ്വകലാശാലാ നിയമം വരുമ്പോൾ സെനറ്റിലും സിൻഡിക്കേറ്റിലും, വിദ്യാർത്ഥി പ്രാതിനിധ്യം നിർബന്ധമായും ഉണ്ടാകണം. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പറയാൻ ആരാണ് ഉള്ളത്? അദ്ധ്യാപകർ പറയുന്ന കാര്യങ്ങൾ മുഴുവനും വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അല്ല. വിദ്യാർത്ഥികളുടെ പ്രശ്നം പറയണമെങ്കിൽ വിദ്യാർത്ഥി പ്രതിനിധികൾ ഉണ്ടായേ മതിയാകൂ. വളരെ നിർണ്ണായകമായ മറ്റൊരു കാര്യം വ്യവസായികളേയും വ്യാപാരികളേയും ഈ ബില്ലിൽ ചേർത്തിട്ടുണ്ട് എന്നുള്ളതാണ്. അത് ഒഴിവാക്കണം. യൂണിവേഴ്സിറ്റി എന്നു പറയുന്നത് ഒരു കച്ചവട സ്ഥാപനമല്ല. അതുകൊണ്ട് വ്യവസായികളേയും വ്യാപാരികളേയും ഇതിന്റെ ജനറൽ കൗൺസിലിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശത്തെ നിർബന്ധമായും മാറ്റി, അക്കാഡമിക് നിലവാരത്തിലുള്ള, അക്കാഡമിക് കാര്യങ്ങളിൽ താല്പര്യമുള്ള ആളുകളെ ഉൾപ്പെടുത്തി ഇതു മാറ്റണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ പറയുകയാണ്. നിയമസഭയാണ് ഈ നിയമം നിർമ്മിക്കുന്നത്. ഈ ബിൽ ഉണ്ടാക്കുന്നത് നിയമസഭയാണ്. യൂണിവേഴ്സിറ്റികൾക്കാവശ്യമായ പണം കൊടുക്കുന്നത് ഈ നിയമസഭ പാസ്സാക്കിയിട്ടാണ്. ആ യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഈ നിയമസഭയുടെ പ്രതിനിധികൾ ഇല്ലെന്നു പറയുന്നത് ഖേദകരമായ കാര്യമാണ്. നിയമസഭയുടെ പ്രതിനിധികൾ എന്നു പറയുന്നത് തെരഞ്ഞെടുക്കപ്പെടുന്ന ആളുകളാണ്. നിയമസഭാംഗങ്ങളിൽനിന്നും മതിയായ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിർബന്ധമായും നിയമ സഭാംഗങ്ങളെ ചേർക്കണം. അതിനുള്ള നടപടികൾകൂടി ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പൂർണ്ണമായും പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഇവിടെ ഏകീകൃത സർവ്വകലാശാലാ നിയമം കൊണ്ടു വരാനുണ്ടായ സാഹചര്യം ഏറെ ചർച്ച ചെയ്യപ്പെട്ടു. പല മെമ്പർമാരും ആ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുകയും ചെയ്തു. സത്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന് ഒരു സുപ്രഭാതത്തിൽ ഒരു ഭൂതോദയം ഉണ്ടായതിന്റെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ വിദ്യാഭ്യാസമന്ത്രി ആലോചിച്ചിട്ടോ വന്ന ഒരു നിയമമല്ല. ഇതു നിങ്ങൾക്കൊക്കെ അറിയാവുന്ന കാര്യങ്ങളാണല്ലോ. ഓരോ പത്തു വർഷം കൂടുമ്പോഴും യൂണിവേഴ്സിറ്റികളുടെ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യാൻവേണ്ടി സാധാരണ ചെയ്യാറുള്ളതുപോലെ കമ്മീഷനുകളെ വയ്ക്കാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒന്നിലധികം കമ്മീഷനുകളെ വച്ചു. കേരളാ യൂണിവേഴ്സിറ്റിക്കുവേണ്ടി പത്മാ രാമചന്ദ്രൻ കമ്മീഷനെ വച്ചു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്കുവേണ്ടി ഡോ. പെരുമാൾ കമ്മീഷനെ വച്ചു. കോഴിക്കോടിനുവേണ്ടി അബ്ദുൾ റഹിമാൻ കമ്മീഷനെ വച്ചു. ഇതൊക്കെ നിങ്ങൾക്കും അറിയാവുന്ന കാര്യങ്ങളാണ്. ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അത് സൂചിപ്പിക്കുകയും ചെയ്തു. ആ കമ്മീഷനുകളിൽ രണ്ടു കമ്മീഷൻ ഏകീകൃത സർവ്വകലാശാലാ നിയമം വേണമെന്ന് ശുപാർശ ചെയ്തു. അതെല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ പ്രധാനമായിട്ടുള്ള ഒരു സംഗതി എന്നു പറയുന്നത് ഈ നിയമം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാൻ ഏതെങ്കിലും തരത്തിലുള്ള നിക്ഷിപ്ത താല്പര്യങ്ങളോ, അതുപോലുള്ള ലക്ഷ്യങ്ങളോ വിദ്യാർത്ഥികളെ സർവ്വകലാശാലയിൽനിന്നും പടിയിറക്കണമെന്നുള്ള ഉദ്ദേശ്യമോ എം.എൽ.എ.-മാരെ പടിയിറക്കണമെന്നുള്ള ലക്ഷ്യമോ, വൈസ് ചാൻസലർമാരെ പിരിച്ചു വിടണമെന്നോ ഗവൺമെന്റിനു നിയന്ത്രിക്കണമെന്നോ ഉള്ള ഒരു ചിന്തയും ഇതിൽ ഇല്ല. ഈ വക കാര്യങ്ങൾ ഒന്നും ഇതിൽ വരുന്നില്ല. രാഷ്ട്രീയ പാർട്ടികൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ വരുമ്പോൾ അവർ യൂണിവേഴ്സിറ്റികളുടെ കാര്യത്തിലും ഗവൺമെന്റിന്റെ കാര്യത്തിലും വലിയ പൊതുജനതാല്പര്യം കാണിക്കുന്നുണ്ട്. പ്രതിപക്ഷത്തിരിക്കുമ്പോൾ താല്പര്യം കാണിക്കുന്നില്ല എന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ, ഈ വക പരിഷ്ക്കാരങ്ങൾ, അതിന് അനിവാര്യമായ സാഹചര്യങ്ങളെക്കുറിച്ച് വിദഗ്ദ്ധൻമാർ പറയുന്ന കാര്യങ്ങളൊക്കെ പാടെ മറക്കുന്ന ഒരു നിലപാട് എടുക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. ജെ. ജോസഫിനാണ് ഈ റിപ്പോർട്ടുകളൊക്കെ സമർപ്പിച്ചത്. ഇപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റാണ് അധികാരത്തിലിരുന്നതെങ്കിൽ, അവർ വച്ച കമ്മീഷന്റെ റിപ്പോർട്ടുകളിൻമേൽ തീർച്ചയായും ആരോഗ്യകരമായ ഒരു സമീപനം എടുക്കില്ലായിരുന്നോ? കേരളാ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ പത്മാ രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ആമുഖമായി പറഞ്ഞിട്ടുള്ള ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ എടുത്ത പ്രിൻസിപ്പിൾ എന്നു പറയുന്നത് The University must function as an instrument for the development of the people. It must always work for equity, relevance, excellence. അതുപോലെതന്നെ മോഡേണായിട്ടുള്ള എല്ലാ കാര്യങ്ങളും വളരെ വിശദമായി നോക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾക്ക് ഈ റെക്കമെന്റേഷൻ തരുന്നതെന്നാണ് പറഞ്ഞിരുന്നത്. എന്നിട്ട് അവസാനം അവരുടെ കണ്ടെത്തലായിട്ട് പറഞ്ഞിരിക്കുന്നത് The Commission found that by neither yardsticks such University qualify as a modern flexible Institution accepted to emerging needs. Time is ripe for introsection and self renewal of University. Politics is the bone of the Colleges and Universities, Local Bodies which situation must state if we want academic excellence. എല്ലാ കാലത്തും വിദഗ്ദ്ധ സമിതികളേയും കമ്മീഷനുകളേയുമൊക്കെ വയ്ക്കുന്നു. അവരൊക്കെ ഏകകണ്ഠേന പറയുന്ന ഇത്തരം അഭിപ്രായങ്ങളൊക്കെ രാഷ്ട്രീയ ശക്തിയും സംഘടിത ശക്തിയും ഉപയോഗിച്ച് മാറ്റി മാറ്റി set aside ചെയ്ത് കൊണ്ടു പോകുന്നത് നല്ലതാണോ? ഞാൻ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്നൊന്നും പറയുന്നില്ല. ഇത് സീരിയസ്സായി ആലോചിക്കേണ്ട വിഷയമാണ്. ഈ വിദഗ്ദ്ധൻമാരൊക്കെ മിണ്ടാപ്രാണികളായി പോകുകയില്ലേ? നമുക്ക് ശക്തിയുണ്ട് ബലമുണ്ട് നമുക്കെല്ലാം അറിയാം, നമ്മൾ സർവ്വജ്ഞൻമാരാണ് എന്നു പറഞ്ഞ് അത് divert ചെയ്യരുത്. ഈ വിദഗ്ദ്ധൻമാർ അതാത് കാലങ്ങളിൽ പറയുന്ന അഭിപ്രായങ്ങളെല്ലാം മാറ്റിവച്ച് മാറ്റിവച്ച് പോയാൽ എന്താണ് സ്ഥിതി? ഇവിടെ പത്മാ രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുണ്ട്, പെരുമാൾ കമ്മീഷൻ റിപ്പോർട്ടുണ്ട്. ഈ റിപ്പോർട്ടുകളിലൊന്നും ആരും ഏകീകൃത സർവ്വകലാശാല വേണ്ടെന്ന് പറഞ്ഞിട്ടില്ല. രണ്ട് കമ്മീഷനും റെക്കമെന്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങൾ മുഴുവൻ മാറ്റിവച്ച് മാറ്റിവച്ച് അവരെയൊക്കെ മിണ്ടാപ്രാണികളാക്കി, ശബ്ദമില്ലാത്തവരാക്കി, അവർ പറയുന്നതൊന്നും കേൾക്കാതെ നമ്മുടെ സംഘടിത ശക്തികൊണ്ട് ഇങ്ങനെ മാറ്റി മാറ്റി പോയാൽ അവർക്ക് എന്താണ് സംഭവിക്കാൻ പോകുന്നത്. അവർക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. അവർക്ക് ശമ്പളവും പെൻഷനുമൊക്കെയുണ്ട്. പക്ഷെ പിന്നീട് അവർ ഒന്നും പറയുകയില്ല, മിണ്ടുകയില്ല. അങ്ങനെ വരുമ്പോൾ അൾട്ടിമേറ്റായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ദുരന്തം സംഭവിക്കുന്നതാർക്കാണ്? അൾട്ടിമേറ്റായിട്ടുള്ള ദുരന്തം സംഭവിക്കുന്നത് ഈ നാട്ടിലെ ജനങ്ങൾക്കാണ്, ഈ രാജ്യത്തിനാണ്. യൂണിവേഴ്സിറ്റികളിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വന്നിട്ടുള്ള നിലവാര തകർച്ച എത്രത്തോളം നമ്മുടെ സമൂഹത്തേയും ഈ രാജ്യത്തേയും ബാധിക്കുമെന്നുള്ള ഒരു danger ഒരു വൻ danger നമ്മുടെ പടിവാതിൽക്കലാണ്. ആ പടിവാതിൽക്കൽ നിൽക്കുന്ന danger-നെ സംബന്ധിച്ച് നമ്മൾ ബോധവാൻമാർ അല്ല. ഇവിടെ കോൺഗ്രസ് പ്രസ്ഥാനമുണ്ട്. വിദേശാധിപത്യത്തിനു ശേഷമുള്ള സ്വാതന്ത്ര്യാനന്തരശേഷം എന്തെല്ലാം ഭാവനകളാണ് കോൺഗ്രസ് പ്രസ്ഥാനത്തിനുണ്ടായിരുന്നത്? ഈ രാജ്യത്ത് സത്യത്തിന്റേയും സമത്വത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും അടിസ്ഥാനത്തിലുള്ള ഒരു സൊസൈറ്റി വാർത്തെടുക്കണമെന്നുള്ള ആവേശകരമായ ഒരു മുദ്രാവാക്യം മുഴക്കി കൊണ്ടാണ് കോൺഗ്രസ് പ്രസ്ഥാനങ്ങളും അതുപോലുള്ള മറ്റു പ്രസ്ഥാനങ്ങളും വന്നിട്ടുള്ളത്. കോൺഗ്രസ്സിൽനിന്നും വിട്ടുപോയ പ്രസ്ഥാനങ്ങളും, അതിനുശേഷമുണ്ടായ പ്രസ്ഥാനങ്ങളും ഞാൻ പോരെടുത്തൊന്നും പറയുന്നില്ല, മുസ്ലീംലീഗുപോലും ഇതിൽപ്പെടും. Ideologically ഞാൻ പറയുന്നത്, ഈ രാജ്യത്ത് നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിക്കും ഈ രാജ്യത്ത് നിലനിന്നിരുന്ന ചൂഷണങ്ങൾക്കുമെതിരായിട്ട് വലിയ ത്യാഗം സഹിച്ച് രംഗത്തുവന്ന പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഈ stagnation എത്രത്തോളം costly ആണെന്നുള്ളത് പാർട്ടികൾ ചർച്ച ചെയ്യണ്ടേ? ഓരോ പത്തു വർഷവും ഇരുപത് വർഷവും കഴിയുമ്പോഴാണ് ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യുന്നത്. ആ സമയത്ത് പാർട്ടികൾ അത് വിലയിരുത്തണ്ടേ? ഞാൻ തുറന്ന് ചോദിക്കുകയാണ്. വിലയിരുത്തുന്നുണ്ടായിരിക്കാം. അതിന്റെ ഡീറ്റെയിൽസ് എനിക്കറിയില്ല. അതുകൊണ്ടായിരിക്കാം നിങ്ങൾ കമ്മീഷനെയൊക്കെ വച്ചത്. നിങ്ങൾ ഇതൊക്കെ സീരിയസ്സായിട്ട് പരിഗണിച്ചിരിക്കും. പക്ഷെ പിന്നീട് തെരഞ്ഞെടുപ്പിലൂടെ വന്നത് യു.ഡി.എഫ്. ഗവൺമെന്റാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലമായിപ്പോയി എന്നുള്ളതുകൊണ്ട് ഇത് പരിഗണിക്കാതിരിക്കുന്നത് ശരിയല്ല. അത്തരത്തിലുള്ള പ്രോഗ്രസ്സീവായിട്ടുള്ള ഒരു നടപടിയെടുത്ത് literacy rate ഉണ്ടാക്കുന്നതിനും അതുപോലെത്തന്നെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും കേരളത്തിന് മറ്റൊരു മുഖം കൊടുക്കുന്നതിനുമൊക്കെ വലിയ പങ്കു വഹിച്ച പുരോഗമന പ്രസ്ഥാനങ്ങളൊക്കെ, അത് കോൺഗ്രസ് ആകട്ടെ, കമ്മ്യൂണിസ്റ്റ് ആകട്ടെ, അവരൊക്കെ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായിരിക്കുന്ന stagnation-നെ വളരെ casual ആയ എന്തോ ഒരു കാര്യം, അതൊന്നുമില്ല എന്ന് ഭരണകക്ഷി പറഞ്ഞുകൊണ്ടിരിക്കുകയും ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ആലോചിക്കാമെന്ന് പ്രതിപക്ഷം പറഞ്ഞുകൊണ്ടിരിക്കുകയും. ഞങ്ങൾ പ്രതിപക്ഷത്താകുമ്പോൾ അതിനെ എതിർക്കുകയും ഇങ്ങനെ കേരളത്തെ കൊണ്ടുപോകുന്നത് ശരിയാണോ? നമ്മൾ അധികാര വികേന്ദ്രീകരണം കൊണ്ടുവന്നു. ഗവൺമെന്റിന്റെ ഒരുപാട് അധികാരങ്ങൾ താഴെത്തട്ടിലേക്ക് കൊടുത്തു. എ.എൽ.എ.-മാരുടെ അധികാരങ്ങൾ പരിമിതപ്പെടുത്തി. എം.എൽ.എ.-മാർ നിയമനിർമ്മാണത്തിൽ മാത്രം മതിയെന്നുള്ള സമീപനമെടുത്തവരല്ലേ നിങ്ങൾ! ഡെവലപ്മെന്റ് ആക്റ്റിവിറ്റീസൊക്കെ പഞ്ചായത്തിനു കൊടുത്തു നിയമനിർമ്മാണം നടത്തുന്ന ആൾ എന്നു പറയുന്നത് മോശമല്ലല്ലോ. എം.പി.-മാർ, എം.എൽ.എ.-മാർ how much they are respected? ബ്രിട്ടണിലും മറ്റ് ജനാധിപത്യ രാജ്യങ്ങളിൽപ്പോലും മന്ത്രിയാണെങ്കിൽപ്പോലും എം.പി. എന്നുള്ള ആ പദവി എടുത്തു പറയും. നിയമനിർമ്മാണമുണ്ടാക്കുക എന്നുള്ള ജോലി വളരെ വളരെ വലിയ ഒരു ജോലിയാണ്. ധാരാളം പഠിക്കാനുണ്ട്, കെട്ടുകണക്കിന് പുസ്തകങ്ങൾ വായിക്കാനുണ്ട്. അതിന് സമയം കിട്ടുന്നുണ്ടോ, നിയമനിർമ്മാണമാണ് വലിയ ജോലിയെന്നു പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

അധികാരങ്ങൾ താഴോട്ടു കൊടുക്കുന്നതിൽ ഔൽസുക്യം കാണിച്ചവരല്ലേ നിങ്ങൾ? അപ്പോൾ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങളിലാണ് ലോക്കൽ ഗവൺമെന്റിന് അധികാരം കൊടുത്ത് ആ മേഖലയിലുള്ള കാര്യങ്ങൾ അവർ തീരുമാനിക്കട്ടെ എന്നു പറഞ്ഞ് അവർക്ക് grass root level-ലുള്ള concept-ന് നിങ്ങൾ thrust കൊടുത്ത് മുന്നോട്ടു കൊണ്ടു പോയത്. അതൊരു പരിഷ്ക്കാരമാണ്. അത്തരം പരിഷ്ക്കാരങ്ങൾ യൂണിവേഴ്സിറ്റികളിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടെന്ന് പറഞ്ഞ്, തിരിഞ്ഞുനോക്കണ്ടയെന്നുള്ള ഒരു സമീപനം അപകടകരമാണ്. ഞാൻ വീണ്ടും പറയുന്നു. ഈ പടിവാതിൽക്കൽ നിൽക്കുന്ന danger-നെ കുറിച്ച് നമുക്കറിഞ്ഞുകൂടാ അല്ലെങ്കിൽ അതിനെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കുന്നില്ല. എന്താണ് പടിവാതിൽക്കൽ നിൽക്കുന്ന danger? ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ഇന്നത്തെ മാറ്റം വളരെ ഗൗരവമുള്ളതാണ്. Industrial Revolution കഴിഞ്ഞതിനുശേഷം ഇപ്പോൾ വന്നിരിക്കുന്ന മാറ്റമെന്ന് പറയുന്നത്..... 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നൊരു ചൊല്ലുണ്ട്. അത് ഏത് കാരണവർ പറഞ്ഞതായാലും ശരി വലിയ ഭാവനയുള്ള ഒരു കാരണവർ പറഞ്ഞതാണ്. ചെറിയ ഒരു പറച്ചിലല്ല. വിദ്യാധനം സർവ്വധനാൽ പ്രധാനമെന്നത് അന്വർത്ഥമാക്കുന്ന ഒരു യുഗത്തിലേക്കാണ് നമ്മൾ കാലു കുത്താൻ പോകുന്നത്. ബെർനാഡ്ഷാ പറഞ്ഞത് മറ്റവയവങ്ങൾക്ക് പ്രാധാന്യമില്ലാതെ അവസാനം മനുഷ്യന് ബുദ്ധിമാത്രം മതിയാകും. അതുപോലെ ഡാർവിൻ സിദ്ധാന്തത്തിൽ പറയുന്നതുപോലെ മസ്തിഷ്കം ശോഷിച്ച് ശോഷിച്ച് മനുഷ്യൻ ഒരു ഉരുണ്ട ബാൾ മാതിരിയായാലും തരക്കേടില്ല. അവന്റെ ബുദ്ധി വർക്കുചെയ്യുമെന്നുമൊക്കെ പറഞ്ഞതു പോലെ ലോകം ഇപ്പോൾ knowledge society-കൾ എന്ന നിലയ്ക്ക് പോകുകയാണ്. നമ്മൾ വളരെ ഫാസ്റ്റ് ആണ്. ഇവിടെ പട്ടിണി വരാൻ പോകുകയാണ്. പട്ടിണിക്കെതിരായി വന്ന പാർട്ടിയല്ലേ മാർക്സിസ്റ്റ് പാർട്ടി. എന്തുകൊണ്ട് നിങ്ങൾ ഇത് കാണുന്നില്ല. സൊസൈറ്റിയിൽ ഡിവിഷൻ വരാൻ പോകുകയാണ്. അറിയുന്നവനും അറിയാത്തവനുമെന്നുള്ള വ്യത്യാസമെന്നു പറയുന്നത് പണ്ഡിതനും പാമരനെന്നും രണ്ടു വാക്കിൽ ഒതുക്കി നിർത്താൻ പറ്റില്ല. അറിയാത്തവൻ പട്ടിണി കിടക്കും; അറിയുന്നവൻ സമ്പാദിക്കും. ലോകത്ത് വരാൻ പോകുന്നത് അതാണ്. അറിയുന്നവൻ എന്നുള്ളത് ക്യാമ്പസ്സുകളിൽ നിന്നാണ് ഉൽഭവിക്കുന്നത്. നോളജ് സൊസൈറ്റി വരുന്നത് ക്യാമ്പസ്സുകളിൽനിന്നാണ്.

ലോകത്തുള്ള ചിത്രം എടുത്തുനോക്കൂ. ജപ്പാൻ, കൊറിയ തുടങ്ങിയ വികസിത
11 A.M.] രാജ്യങ്ങൾ എടുത്തു നോക്കൂ. സൗദി അറേബ്യയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലുമൊക്കെ നാച്ചുറൽ റിസോഴ്സസ് ഉണ്ട്. ലോകത്ത് നാച്ചുറൽ റിസോഴ്സസ് ഒന്നുമില്ലാതെ നോളജ് കൊണ്ടുമാത്രം ലീഡിംഗ് പൊസിഷൻ എടുക്കുന്ന രാജ്യങ്ങൾ ഇന്ന് എത്രയാണുള്ളത്? അമേരിക്ക തന്നെ എടുത്തുനോക്കാം. അമേരിക്കൻ യൂണിവേഴ്സിറ്റികളുടെ ക്യാമ്പസ്സിൽ നിന്നല്ലേ അടുത്ത കാലത്ത് റവല്യൂഷണറൈസ് ചെയ്ത കണ്ടുപിടിത്തങ്ങൾ മുഴുവൻ വന്നത്? നാച്ചുറൽ റിസോഴ്സസ് ഉള്ള രാജ്യങ്ങളെ മാറ്റിവയ്ക്കാം. യാതൊരു നാച്ചുറൽ റിസോഴ്സസും ഇല്ലാത്ത, ചുറ്റും അഗ്നിപർവ്വതങ്ങൾ പൊട്ടാൻ സാധ്യതയുള്ള ജപ്പാനിൽ കുഴിച്ചെടുക്കാൻ ഒന്നുമില്ല, ഒരു യൂണിറ്റ് വൈദ്യുതി വേണമെങ്കിൽ ഗൾഫ് രാജ്യങ്ങളിൽനിന്ന് സപ്ലൈ ചെയ്യണം. യു.എ.ഇ.-യിലെ റോഡിലൂടെ സഞ്ചരിക്കുമ്പോൾ we lit Tokio from here എന്ന് എഴുതി വച്ചിരിക്കുന്ന എണ്ണയുടെ പരസ്യം നിങ്ങൾക്ക് കാണാൻ സാധിക്കും. എന്നു വച്ചാൽ ഞങ്ങളാണ് ടോക്കിയോയെ ഇവിടിരുന്ന് കത്തിക്കുന്നത് എന്നാണ്. അവർ എണ്ണ കൊടുത്താലേ അവിടെ എനർജി ഉണ്ടാക്കുകയുള്ളൂ, അവിടെ വൈദ്യുതി ഉണ്ടാകുകയുള്ളൂ. ആ സ്ഥിതിയിലുള്ള രാജ്യങ്ങൾപോലും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ദ്ധ്യംകൊണ്ടും നോളജ്കൊണ്ടും ലോകത്തെ ലീഡിംഗ് കൺട്രീസ് ആയി മാറിവരുന്നു എന്നാണ് എന്റെ പോയിന്റ്. നമുക്ക് സോഴ്സ് ഉണ്ട്. ഹ്യൂമൻ റിസോഴ്സസ് ഉണ്ട്. നമ്മൾ അമേരിക്ക അമേരിക്ക എന്ന് പറയുന്നു. അമേരിക്ക വലിയ ഡെവലപ്ഡ് കൺട്രിയായി. അമേരിക്ക വലിയ ഡവലപ്ഡ് കൺട്രിയായതിന്റെ പുറകിലുള്ള കാര്യം എന്താണ്? അമേരിക്കയെ നമ്മൾ ചീത്ത പറയുന്നു. അമേരിക്കയുടെമേൽ നമ്മൾ ധാർമ്മിക രോഷം മുഴുവൻ പ്രകടിപ്പിക്കുന്നു. ധാർമ്മിക രോഷം പ്രകടിപ്പിച്ച് പ്രകടിപ്പിച്ച് ആ ധാർമ്മിക രോഷം അണപൊട്ടിയൊഴുകി അവസാനം യുദ്ധം കഴിഞ്ഞതിനുശേഷം മിണ്ടാപ്രാണികളായി ഓച്ചാനിച്ച് ഒരു മൂലയിലിരിക്കാനല്ലാതെ നമുക്ക് എന്തു ചെയ്യാൻ കഴിയും? ടെക്നോളജി അവരുടെ കൈയിലായിപ്പോയി. അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങാതിരിക്കാൻ നമുക്ക് യാതൊരു നിർവ്വാഹവുമില്ല. കൺസ്യൂമറായി സാഷ്ടാംഗം കൈകൂപ്പി ഇങ്ങോട്ട് താ എന്നു പറയുകയല്ലാതെ നമ്മളൾ എന്തു ചെയ്യും? നമുക്ക് മൈക്രോസോഫ്റ്റിനെ വിടാം. കമ്പ്യൂട്ടർ എടുക്കാം. നിങ്ങൾ ഏറ്റവും അധികം ഫേവർ ചെയ്യുന്ന ലിനക്സ് എടുക്കാം. ലിനക്സ് ആരുടേതാണ്? ലിനക്സ് അമേരിക്കൻ സായിപ്പിന്റേതാണ്. ഞാൻ അത് മോശമായി പറയുകയല്ല. അത് ഉണ്ടായത് ക്യാമ്പസ്സിൽ നിന്നാണ്. ലിനക്സ് എന്നു പറയുന്ന ഒരു സ്റ്റുഡന്റിൽ നിന്നാണ് അത് ഉണ്ടായത്. ഇന്നും ക്യാമ്പസ്സുകളിലാണ് ലിനക്സിന്റെ റിസർച്ചും മറ്റ് കാര്യങ്ങളും നടക്കുന്നത്. നമ്മളെന്നു പറയുന്നത് നിങ്ങളല്ല, ഞാനുംകൂടിയാണ്. നമ്മൾ എവിടെ കിടക്കുന്നു. 25 വർഷം നമ്മൾ പുറകിലാണ്. ക്യാമ്പസ്സുകളിൽനിന്നാണ് ലിനക്സ് ഉടലെടുക്കുന്നത്. ചില ഇന്ററസ്റ്റിംഗ് ആയ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. ചിക്കാഗോ യൂണിവേഴ്സിറ്റി സെറ്റപ് ചെയ്തത് 1892-ലാണ്. ഒരു ചെറിയ ഫ്രീ മാച്ചിംഗ് ഗ്രാന്റ് ജോൺ റോക്ക് ഫെല്ലർ കൊടുത്ത് 1892-ൽ തുടങ്ങിയതാണ്. 1982-ഓടുകൂടി ഒരു സെഞ്ച്വറി ആയപ്പോൾ സ്റ്റുഡൻസിൽനിന്ന് അതിന് 100 നോബൽ പേറ്റേൺസ് ഉണ്ടായി. പേറ്റന്റിനു വേണ്ടി അമേരിക്കൻ യൂണിവേഴ്സിറ്റികൾ മത്സരിക്കുകയാണ്. എന്താണ് സിലിക്കൻവാലി? സിലിക്കൻവാലി എന്നു പറയുന്നത് അവിടെയുള്ള രണ്ട് യൂണിവേഴ്സിറ്റികളാണ്. രണ്ട് ഇൻസ്റ്റിറ്റ്യൂഷനുകളാണ്. അല്ലാതെ ഒന്നും അല്ല. അവിടുന്നാണ് കണ്ടുപിടുത്തങ്ങൾ തുരുതുരാ വരുന്നത്. പേറ്റന്റ് വരുന്നത്. കച്ചവടക്കാർക്കും വ്യവസായികൾക്കും യൂണിവേഴ്സിറ്റികളുമായി എന്താണ് കാര്യമെന്ന് ആരോ ചോദിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഞാൻ അതിനെ മാനിക്കുന്നു. കച്ചവടക്കാരും വേണ്ട. വ്യവസായികളും വേണ്ട. പക്ഷേ എല്ലാ വ്യവസായങ്ങളും എല്ലാ വാണിജ്യങ്ങളും ഉടലെടുക്കുന്നതും പുറത്തേയ്ക്കു കൊടുക്കുന്നതും ക്യാമ്പസ്സുകളിൽ നടക്കുന്ന കണ്ടുപിടുത്തങ്ങളുടേയും പേറ്റന്റിന്റേയും ഫലമായിട്ടാണ്. ഇത്രയും വർഷങ്ങൾക്കിടയിൽ നമ്മുടെ ക്യാമ്പസ്സുകളിൽനിന്ന് ഒരു പേറ്റന്റ് എങ്കിലും വന്നിട്ടുണ്ടോ? ഇല്ലെന്ന് പറയുന്നില്ല. അറിയാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. വേറെയൊന്നും ഇല്ലല്ലോ. ഇതാണ് ലോകത്ത് മൽസരം നടക്കുന്നത്. ഇപ്പോൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ എന്ത് ഫ്രീഡമാണ് ഉള്ളത്? അവർക്ക് സത്യത്തിൽ യാതൊരു ഫ്രീഡവും ഇല്ല. യൂണിവേഴ്സിറ്റികളുടെ, വിദ്യാലയങ്ങളുടെ ഫ്രീഡം എന്നു പറയുന്നത് അക്കാഡമിക് ഫ്രീഡം ആണ്. ലോകം മുഴുവൻ മാനിക്കുന്ന വിഷയം അതാണ്. അക്കാഡമിക് ഫ്രീഡത്തിൽ ഇടപെടാൻ പറ്റുകയില്ല. ഭയങ്കര ബഹളമാകും. അക്കാഡമിക് ഫ്രീഡത്തിൽ ഇടപെടുകയെന്നു പറഞ്ഞാൽ സെൻസേഷണലാകും. സിന്റിക്കേറ്റിന്റെ ഇന്നുള്ള കോൺട്രിബ്യൂഷൻ എന്താണ്? ആരാണ് അക്കാഡമിക് കോൺട്രിബ്യൂഷൻ നടത്തുന്നത്? എന്ത് ഡിസ്കഷനാണ് അവിടെ നടത്തുന്നത്? അവിടെ അതിനു പറ്റിയ ആളുകളുണ്ടോ? അവിടെ അങ്ങനെ ഡിസ്കഷൻ നടക്കുന്നില്ല. അവിടെ പേ ആന്റ്

LIBRARY ARCHIVES Kerala Legislative Assembly

അലവൻസും ഫണ്ടിന്റെ കാര്യവും സാലറിയുടെ കാര്യവുമൊക്കെയാണ് പറയുന്നത്. ഇവിടെയാണെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഡയസ്സിലിരിക്കാം. അവിടെയാണെങ്കിൽ നേർക്കുനേർ ഇരിക്കുന്നതുകൊണ്ട് പലപ്പോഴും മൽപ്പിടിത്തംപോലുള്ള കാര്യങ്ങൾ നടക്കും. നമ്മുടെ സിൻഡിക്കേറ്റിലും സെനറ്റിലും നടക്കുന്നത് അതാണ്. നമ്മൾ ഇപ്പോൾ പറയുന്നത് ഗവൺമെന്റ് കൊടുക്കുന്ന ഫണ്ടിനെപ്പറ്റിയാണ്. അത് അഡ്മിനിസ്ട്രേഷനാണ്. ഗവൺമെന്റ് അക്കാഡമിക് സിസ്റ്റത്തിൽ ഇടപെടാൻ പാടില്ലായെന്ന് പറയുകയും അതേ അവസരത്തിൽ യഥാർത്ഥത്തിൽ ഫ്രീഡമുണ്ടോ? പൊളിറ്റിക്സിൽനിന്ന് വിമുക്തമായി അക്കാഡമീഷൻസിന് ചിന്തിച്ച് കാര്യങ്ങൾ ചെയ്യാനുള്ള ഫ്രീഡം ഇന്നില്ല. നമ്മൾ ഗൗരവത്തോടെ ചിന്തിക്കേണ്ടത് അതാണ്. വിദഗ്ദ്ധൻമാർക്ക് ഫ്രീഡം കൊടുക്കാം, ചിന്തകൻമാർക്ക് ഫ്രീഡം കൊടുക്കാം. അതിന് ലെഫ്റ്റ് ചിന്താഗതിക്കാരും റൈറ്റ് ചന്താഗതിക്കാരും ഉണ്ടാകും. പക്ഷേ അക്കാഡമിക് ഫ്രീഡം യാഥാർത്ഥ്യമാക്കുന്നതിനെ സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. വളരെ ഓപ്പണായിട്ടുള്ള സ്റ്റാൻഡാണ് എടുക്കുന്നത്. ചരിത്ര മുഹൂർത്തമാണ്. കേരളത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്താൻവേണ്ടി അതാതു കാലഘട്ടങ്ങളിൽ നടക്കുന്ന ഇത്തരം ശ്രമങ്ങൾ ഗൗരവത്തോടെ കണ്ട് ചർച്ച ചെയ്ത് കാര്യങ്ങൾ നടത്താനുള്ള ഒരു സന്ദർഭമാണിത്. ഗവൺമെന്റിന് ലഭിച്ചിരിക്കുന്ന ചരിത്ര മുഹൂർത്തമാണ്. അത് ഉപയോഗപ്പെടുത്തണം. കേരള യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലർ ഞങ്ങളെ വിമർശിച്ചുകൊണ്ട് പത്രത്തിൽ ഒരു ലേഖനം എഴുതി. നിങ്ങൾ അങ്ങനെ ചെയ്യരുത്, നിയമം ഇങ്ങനെ ഉണ്ടാകണം, നിങ്ങൾ ഗൗരവത്തോടെ ചർച്ച ചെയ്യണം, നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന അസുലഭ സന്ദർഭമാണ്, ഈ അസുലഭ സന്ദർഭം ഉപയോഗപ്പെടുത്തി യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്താൻവേണ്ടിയുള്ള നടപടികൾ എടുക്കണം എന്നാണ് പറഞ്ഞത്. ഡേഞ്ചർ പടിവാതിൽക്കൽ നിൽക്കുകയാണെന്ന് ഞാൻ പറഞ്ഞു. എന്താണ് സംഭവിക്കാൻ പോകുന്നത്? ഗാട്ട് കരാറിനെക്കുറിച്ച് നമ്മൾ പറഞ്ഞു. ഗാട്ട് കരാർ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ലോകത്ത് വാണിജ്യ സമ്പ്രദായം നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അത് ഇഷ്ടപ്പെടാത്ത രാജ്യങ്ങൾ വീണ്ടും വീണ്ടും പല വ്യവസ്ഥകളുംവച്ച് പിന്നേയും പിന്നേയും കരാറിൽ വന്നുകൊണ്ടിരിക്കുകയാണ്. ലോകത്ത് വാണിജ്യവും ഇടപാടും നോളജ് ട്രാൻസ്ഫറും മറ്റു കാര്യങ്ങളുമെക്കെ കൂടുതൽ ഫ്രീയാക്കാൻ പോകുകയാണ്. നമ്മൾ താത്വികമായി ഇതിനെ എതിർത്തുകൊണ്ട് ഒന്നും ചെയ്യാതെ മിണ്ടാതിരുന്നാൽ എന്ത് ചെയ്യും? ഡബ്ല്യൂ.ടി.ഒ. എഗ്രിമെന്റ് നടപ്പിലാക്കുമ്പോൾ യൂണിവേഴ്സിറ്റിയെ തൊടാൻ പാടില്ലായെന്ന് നമ്മൾ പറയുമോ? പക്ഷേ യൂണിവേഴ്സിറ്റികളെ തൊടുന്ന ദിവസം വരും. അത് വരുമ്പോൾ ജനറൽ എഗ്രിമെന്റ് അനുസരിച്ച് ഒരുപാട് ത്രെട്ട് ഉണ്ട്. നമ്മൾ ഇൻഡ്യയുടെ ഭാഗമാണല്ലോ. ത്രെട്ട് എന്നു പറയുന്നത് ഫോറിൻ യൂണിവേഴ്സിറ്റികളുടെ, അവിടുത്തെ സ്റ്റുഡൻസിന്റെ എൻട്രൻസ് വരും. നമ്മൾ ഇങ്ങനെ ആശയം പറഞ്ഞുകൊണ്ടിരിക്കുന്ന ആളുകളാകുകയും ഫീസ് കൊടുക്കേണ്ടി വന്നാലും ക്വാളിറ്റിയുള്ള വിദ്യാലയങ്ങളിലേയ്ക്ക് പോകുന്നത് കാണുന്നില്ലേ? പാവപ്പെട്ടവർക്കുപോലും ആഭിമുഖ്യം അതിനോടാണ്. ഗവൺമെന്റ് സ്ഥാപനങ്ങളുടെ ക്വാളിറ്റി ഇംപ്രൂവ് ചെയ്യുകയല്ലാതെ അവരെ പിടിച്ചുനിർത്താൻ യാതൊരു വഴിയുമില്ല. ക്വാളിറ്റി ഉള്ളിടത്ത് ആളുകൾ പോകും. ക്വാളിറ്റിയുള്ള യൂണിവേഴ്സിറ്റികളുടെ ത്രെട്ട് നമുക്കുണ്ട്. ആ ത്രെട്ട് നമുക്ക് ഉള്ളതുകൊണ്ട് ഇപ്പോൾ ഹയർ എഡ്യൂക്കേഷന്റെ ക്വാളിറ്റി ഇംപ്രൂവ് ചെയ്തില്ലെങ്കിൽ വലിയ പ്രശ്നങ്ങൾ വരും. അതേസമയം നമുക്ക് അവസരങ്ങൾ ഉണ്ട്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാക്ഷരതയുള്ള, വിഷനുള്ള ലീഡേഴ്സ് ഉള്ള സംസ്ഥാനം കേരളമാണ്. ഡിസെൻട്രലൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ നടപ്പിലാക്കിയില്ലേ? മറ്റ് സംസ്ഥാനങ്ങൾ ചെയ്തില്ലല്ലോ. എളുപ്പം റിഫോംസ് കൊണ്ടുവരാൻ പറ്റിയ സംസ്ഥാനം കേരളമാണ്. അതുപോലെ യൂണിവേഴ്സിറ്റികൾക്ക് ഒരു ട്രെഡിഷനുണ്ട്. അതുകൊണ്ട് നമ്മൾ പൊളിറ്റിക്കൽ വിൽ കാണിച്ചാൽ വരാൻ പോകുന്ന ഈ ത്രെട്ടിന്റെ പശ്ചാത്തലത്തിൽ ദോഷം ഗുണമാക്കി മാറ്റാൻ കഴിയും. ഇവിടെ പഠിക്കാൻ പുറത്തുനിന്ന് നമുക്ക് കുട്ടികളെ കിട്ടുന്ന സ്ഥിതിയുണ്ടാകും. മാത്രമല്ല, ഹ്യൂമൺ റിസോഴ്സസ് ഏറ്റവുമധികം മാറിക്കൊണ്ടിരിക്കുന്ന ഈ സമ്പ്രദായത്തിൽ ഏറ്റവുമധികം സാധ്യതയുള്ള ഒരു വിഷയമെന്ന് പറയുന്നത് എന്താണ്? യാതൊരു സംശയവും വേണ്ട, നമ്മുടെ സമ്പത്ത് എന്നു പറയുന്നത് നമ്മുടെ ജനങ്ങളാണ്. ഈ സമ്പത്ത് ഉപയോഗപ്പെടുത്താൻ വേണ്ടിയുള്ള ഒരു അവസരമാണ്. ആ അവസരം നമുക്ക് ഉപയോഗപ്പെടുത്താൻ പറ്റുന്ന ഒരു സ്ഥിതി യുണ്ടാകണം. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തി അതിനനുസരിച്ചുള്ള സ്ഥാപനങ്ങൾ നമുക്ക് വേണ്ടേ? ഇന്ന് ആ സ്ഥാപനങ്ങളുണ്ടോ? ഒരൊറ്റ സ്ഥാപനവുമില്ല. അപമാനകരമായ ഒരു കാര്യമാണ്. കേരളം ഇപ്പോഴും വളരെ ഉന്നതിയിലാണ്, വളരെ മെച്ച മാണ് എന്നൊക്കെ ഈ അടുത്ത കാലത്ത് വന്നുകൊണ്ടിരിക്കുന്ന ലേഖനങ്ങളൊക്കെ നമ്മൾ ഇപ്പോൾ വായിക്കുന്നതാണല്ലോ. India Today പബ്ലിഷ് ചെയ്തു. Prestigious institution-ന്റെ ലിസ്റ്റിൽ കേരളത്തിൽനിന്ന് ഒറ്റ ഒരെണ്ണം ഉണ്ടോ? നമ്മൾ ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമുണ്ടോ? നമ്മൾ ഏറ്റവും ടോപ്പിൽ എത്തേണ്ട ആളുകളാണ്. നമ്മൾ താഴെ എവിടെയെങ്കിലും ഉണ്ട് എന്ന് അവകാശപ്പെട്ട് മേന്മ പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രി ഇത്രയുംനേരം വിശദീ കരിച്ചതിൽ വൈജ്ഞാനിക രംഗത്ത് ലോകത്തുവന്ന വെല്ലുവിളി നേരിടുന്നതിനുവേണ്ടി, കേരളത്തെ പ്രാപ്തമാക്കാൻവേണ്ടിയാണ് ഇവിടെ ഈ ബില്ലിനകത്ത് സമർത്ഥിക്കാൻ ശ്രമിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റിയിൽ 20 കൊല്ലമായിട്ട് നടക്കുന്നതുപോലെ നോമിനേറ്റഡ് സമിതിയായിട്ട്, അത് കേരള യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലും വ്യാപിപ്പിക്കാൻ മാത്രമാണ് അതുകൊണ്ട് നടക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ച കാര്യങ്ങളൊക്കെ നടക്കണമെങ്കിൽ വേറെ ബിൽ വേണ്ടി വരും എന്നാണ് തോന്നുന്നത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങളാരും മാറ്റത്തിന് എതിരല്ല. ഏത് മാറ്റത്തേയും ചർച്ച ചെയ്തുകൊണ്ടുള്ള നിലപാട് ഞങ്ങൾ എടുത്തിട്ടുണ്ട്. നിങ്ങൾ ചെയ്യുന്നത് ഇതിന്റെ പേരു പറഞ്ഞുകൊണ്ട്, സർവ്വകലാശാലകളെ ഏകീകരിപ്പിച്ചു കൊണ്ട് എം.ജി. യൂണിവേഴ്സിറ്റിയുടേയും കണ്ണൂർ യൂണിവേഴ്സിറ്റിയുടേയും നോമിനേഷൻപോലെ ആക്കിയാൽ എന്തു മാറ്റമാണ് ഇവിടെ ഉണ്ടാകാൻ പോകുന്നത്? ഇലക്ഷൻ ഒഴിവാക്കിയാൽ, വൈജ്ഞാനിക രംഗത്തുള്ള മാറ്റങ്ങൾക്കനുസരിച്ചുകൊണ്ട് മാറും, അപ്പോൾ കച്ചവടക്കാരേയും വ്യവസായികളേയും ഇതിൽ നോമിനേറ്റ് ചെയ്യാൻ കഴിയും എന്നാണോ അങ്ങ് പ്രതീക്ഷിക്കുന്നത്?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> ഞാൻ അങ്ങനെയൊന്നും പ്രതീക്ഷിക്കുന്നില്ല. ഞാൻ പറഞ്ഞു വന്നത് നേരത്തെ ഇവിടെ കമ്മീഷനുകൾ വച്ചതനുസരിച്ച് പത്ത് പത്ത് വർഷം കഴിയുമ്പോൾ അതാത് കാലത്ത് യൂണിവേഴ്സിറ്റികളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് പതിവുമാതിരി കമ്മീഷനുകൾ വച്ച് വിദഗ്ദ്ധൻമാരെയൊക്കെവച്ച് അവർ പറയുന്നതിന്റെ അടിസ്ഥാനത്തിൽ നല്ല ഉദ്ദേശത്തോടുകൂടി ഇത്രയും ഫൈൻഡിംഗ്സോടുകൂടി നിങ്ങളാണ് അധികാരത്തിലെങ്കിൽ, 2000-ത്തിൽ കൊടുത്ത ആ റിപ്പോർട്ടൊക്കെ നിങ്ങൾക്ക് സബ്മിറ്റ് ചെയ്തുവരുമായിരുന്ന ഒരു പരിഷ്കാരം നമ്മുടെ മുൻപിലുണ്ട്. ഒരു പ്രൊപ്പോസൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

മുൻപിലുണ്ട്. നമുക്ക് ചർച്ച ചെയ്യണം. നമുക്ക് പെർഫക്ഷനിലേയ്ക്ക് പോകണം എന്നു പറയുമ്പോൾ നിലവിലുള്ള നമ്മുടെ യൂണിവേഴ്സിറ്റികളുടെ സ്ഥിതി നമ്മൾ അനലൈസ് ചെയ്യണമെന്നേ പറഞ്ഞുള്ളൂ. ഇപ്പോൾ എല്ലാ അധികാരങ്ങളും സിൻഡിക്കേറ്റിനാണ്. സിൻഡിക്കേറ്റ് പല ഉപസമിതികളും തീരുമാനിക്കുന്നു, കമ്മിറ്റികൾ ഉണ്ടാക്കുന്നു. അങ്ങനെയാണ് കമ്മിറ്റികളുടെ നോമിനേഷൻ വരുന്നത്. ഈ കമ്മിറ്റികളിൽ അക്കാഡമിക് ആകട്ടെ, ഫാക്കൽറ്റിയാകട്ടെ, എങ്ങനെയാണ് അവിടെ നോമിനേഷൻ കിട്ടുന്നത്? ഇഷ്ടക്കാർ, രാഷ്ട്രീയ സംഘടനകൾ ആഗ്രഹിക്കുന്നവർ എന്ന ഒരൊറ്റ പരിഗണന വച്ചുകൊണ്ടാണ് യൂണിവേഴ്സിറ്റികളിൽ ഇങ്ങനെയുള്ള സമിതികളൊക്കെ വരുന്നത്. പിന്നെ അവർ നോക്കുന്നതെന്താണ്? കുറച്ചു സമയം ചെലവാക്കുന്നു. പിന്നെ പിരിഞ്ഞു പോകുന്നു. ലോകത്തൊന്നും അങ്ങനെയല്ല. വളരെ പീസ്ഫുൾ ആയിട്ടുള്ള അറ്റ്മോസ്ഫിയറിൽ കാമ്പസ് വർക്ക് ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഞാൻ പറഞ്ഞുവന്നത് ഇത് ഡിസ്ക്കസ് ചെയ്യണം, നിസ്സംഗത കാണിക്കരുത് എന്ന് മാത്രമാണ്. ശ്രീ. രവീന്ദ്രനാഥ ടാഗോറിന്റെ ഒരു കമ്മിറ്റ്മെന്റുണ്ട്. യൂണിവേഴ്സിറ്റികളെക്കുറിച്ച് പറഞ്ഞതാണ്. What had made Europe the Guru of the world was its aspiration, its spirit of adventure. Thanks to the tendency to bluff, we weaken and destroy our will to excel. ഞാൻ പറയുന്നത് അത്രയേയുള്ളൂ. Excellence-ന് വേണ്ടി , ഇന്ന് ലോകത്തിന്റെ slogan അതാണ് world മുഴുവൻ അങ്ങോട്ടുപോയിക്കൊണ്ടിരിക്കുന്നു. പട്ടിണി അവിടെ വരും. ദാരിദ്ര്യം അവിടെ വരും. അതുകൊണ്ടാണ് ഞാൻ പറയുന്നത്, We are content with very little. ഈ താല്പര്യങ്ങളൊക്കെ നടന്നാൽ മതി. ഈ വിഷയങ്ങളൊക്കെ വന്നാൽ മതി. Our poverty is at bottom a poverty of aims. Our ways of dealing with truth are untruthful. ഇത് 1926-ൽ രവീന്ദ്രനാഥ ടാഗോർ യൂണിവേഴ്സിറ്റികളെക്കുറിച്ച് പറഞ്ഞതാണ്. ഒന്ന് എടുത്ത് വായിച്ചുനോക്കൂ. നമുക്ക് എന്തെല്ലാം അത്ഭുതങ്ങൾ ചെയ്യാമായിരുന്നു. സമയം ഒരുപാട് പോയി. അതാണല്ലോ 20 കൊല്ലമായിട്ട് നടക്കുന്നത്. നിങ്ങളുടെ കാലത്ത് സബ്മിറ്റ് ചെയ്ത റിപ്പോർട്ടും അതിന് ഗവൺമെന്റ് കൊടുത്ത റഫറൻസും ഒക്കെ വായിക്കുകയാണെങ്കിൽ ഞാൻ ഈ പറഞ്ഞത് ശരിയാണ് എന്ന് മനസ്സിലാകും. ആവശ്യമായ ഒരു പരിഷ്കാരമാണ് ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഇതിനകത്ത് അക്കാഡമിക് കമ്മിറ്റികൾ ഉണ്ട്. അതുപോലെ മറ്റ് സമിതികൾ ഉണ്ട്. നോമിനേഷനെ സംബന്ധിച്ച് പരാതികൾ ഉണ്ടായിരിക്കും. എം.എൽ.എ.-മാരെ സംബന്ധിച്ച് പരാതികൾ ഉണ്ടായിരിക്കും. യു.ജി.സി.-ക്ക് സ്റ്റുഡന്റ്സ് റപ്രസന്റേഷനെക്കുറിച്ച് ഒരു നിലപാടുണ്ട്. അതാണ് ഒരു പ്രശ്നം. നിങ്ങൾ മാത്രം ആലോചിച്ചാൽ പോര. എം.ജി.-യിലും മറ്റും ഒരുപാട് പ്രശ്നങ്ങൾ വന്നല്ലോ. അതുകൊണ്ട് വിദ്യാർത്ഥി പ്രാതിനിധ്യം ആകട്ടെ, എം.എൽ.എ.-മാരുടെ പ്രാതിനിധ്യമാകട്ടെ അത് വേണ്ട എന്നു വയ്ക്കുന്ന ഒരു നയം ഗവൺമെന്റ് എടുക്കുന്നതല്ല. എം.എൽ.എ.-മാരുടെ അധികാരം എന്തുകൊണ്ടാണ് ഡീസെൻട്രലൈസേഷന്റെ സമയത്ത് താഴോട്ടു കൊടുത്തത്? യൂണിവേഴ്സിറ്റി ബിൽ പാസ്സാക്കുന്നത് നമ്മളല്ലേ? നമുക്ക് അഡ്മിനിസ്ട്രേറ്റീവ് അധികാരങ്ങൾ ഉണ്ട്. യൂണിവേഴ്സിറ്റിയുടെ അഡ്മിനിസ്ട്രേഷനിൽ ന്യായമായ ഒരു കൺട്രോൾ ഗവൺമെന്റിനാകാം. ഈ സഭ എന്നു പറയുന്നത് എം.എൽ.എ.-മാരാണ്. അതാണ് പൊളിറ്റിക്കൽ കൺട്രോൾ. എന്നാൽ ഈ രാജ്യത്ത് മുഴുവൻ പൊളിറ്റിക്കൽ കൺട്രോൾ ആണ്. ആക്കാഡമിക് ഫ്രീഡം തന്നെ. ഇത് ഒരു ദുരവസ്ഥയാണ്. ഒരുതരം സ്റ്റാഗ്നേഷനാണ്. അതിൽ നിന്നാണ് നമ്മൾ രക്ഷ നേടേണ്ടത്. വിപ്ലവകരമായ ഒരു തീരുമാനം ഞങ്ങൾ കൊണ്ടുവന്നത് ഡിസ്ക്കസ് ചെയ്യാൻ നിങ്ങൾ തയ്യാറാകണം. അതിനുള്ള പൊളിറ്റിക്കൽ ഡിസിഷൻ എടുക്കാൻ തയ്യാറാകണം. പൊളിറ്റിക്കൽ ഡിസിഷൻ എടുക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: ഈ നിയമസഭയ്ക്ക് എന്തായാലും അഡ്മിനിസ്ട്രേറ്റീവ് കൺട്രോളിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റിയുടെ മേൽ ഫലപ്രദമായ നിയന്ത്രണം വേണമെന്ന് അങ്ങ് പറഞ്ഞു. ഇത് നമ്മൾ വളരെ കാര്യമായിട്ട് ആലോചിക്കേണ്ടതാണ്. കാരണം നമ്മുടെ സംസ്ഥാന ബജനാവിൽ നിന്നൊക്കെ കോടിക്കണക്കിന് രൂപ ഭരണ ഘടനാപരമായി നിലവിൽ വന്ന സ്വതന്ത്ര സ്ഥാപനങ്ങൾക്കുവേണ്ടി ചെലവാക്കുന്നു. ഉദാഹരണത്തിന് സുപ്രീംകോടതി, ഹൈക്കോടതി, ജുഡീഷ്യൽ, ഇലക്ഷൻ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ മുതലായ സ്ഥാപനങ്ങൾക്ക് ചെലവാക്കുന്നു. എന്തിനേറെ നമ്മൾ ഇവിടെ വോട്ടു ചെയ്തിട്ടാണ് ലെജിസ്ലേച്ചറിന്റെ ചെലവുകൾ, നമ്മുടെ ജഡ്ജിമാരുടെ കാർ വാങ്ങുന്നത് ഇതെല്ലാം. എങ്കിൽ അങ്ങനെയുള്ള എല്ലാ ഭാഗത്തും അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഈ സഭയ്ക്ക് വേണം. എന്നാൽ ഈ യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ മാത്രം അങ്ങ് എന്തിനാണ് ഇങ്ങനെ ഇൻസിസ്റ്റ് ചെയ്യുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എന്റെ പോയിന്റ് ഇതേയല്ല, ഞാൻ പറയുന്നത് യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റികൾക്ക് അകാഡമിക് ഫ്രീഡം കൊടുക്കുകയും പബ്ലിക് ഫണ്ടിന്റെ യൂട്ടിലൈസേഷന് വേണ്ടിയുള്ള ഡിക്ലറേഷന്റെ കാര്യത്തിലൊക്കെ ചെയ്തതുപോലെ വളരെ പരിമിതമായ അധികാരം മാത്രമേ ഗവൺമെന്റിന് ഉണ്ടാകാൻ പാടുള്ളു എന്നുള്ളതാണ് ഞാൻ പറയുന്നത്. അതുതന്നെ നമുക്ക് ഒരു സാഹചര്യത്തിൽ വരുന്നതാണ്. അല്ലെങ്കിൽ അത് വേണ്ട എന്നുള്ള അഭിപ്രായമാണ് വ്യക്തിപരമായി എനിക്ക് ഉള്ളത്. കാരണം ഫോറിൻ യൂണിവേഴ്സിറ്റികളുടെ സ്ഥിതിവച്ച് നോക്കിയാൽ ഒരു ഇന്റർഫിയറൻസും അനുവദിക്കുകയില്ല, നിങ്ങൾ പറഞ്ഞതാണ് കറക്ട്. ആ ഇന്റർഫിയറൻസ് അനുവദിക്കാതിരിക്കാം. കാരണം അവരുടെ വരുമാനം അവർ ഉണ്ടാക്കും. യൂണിവേഴ്സിറ്റികൾ അതാതു സ്ഥാപനങ്ങൾ വരെ ഞാൻ പറഞ്ഞില്ലേ, യു.എസ്.എ.-യിൽ ടോപ്പ് പത്ത് കോളേജുകളിൽ 2001-നുള്ളിൽ 431 പേറ്റൻസി, എല്ലാം കാമ്പസിൽ നിന്നാണ് വരുന്നത്. വ്യവസായം മുഴുവൻ ഉടലെടുക്കുന്നത് കാമ്പസിൽ നിന്നല്ലേ, അപ്പോൾ അതുകൊണ്ട് കാമ്പസുകളുടെ പ്രാധാന്യം..... നമുക്ക് ഈ കൺസെപ്റ്റ് ഉണ്ട്. ഇപ്പോൾ കേരളാ യൂണിവേഴ്സിറ്റിയുടെ കാര്യം തന്നെ, ടെക്നോ പാർക്ക് അവിടെ സ്ഥാപിക്കണമെന്ന് പറഞ്ഞു, എന്താണ് കാരണം, ആ കൺസെപ്റ്റ് നമ്മുടെ മനസ്സിലുണ്ട്. എന്താണ് പറയുക, നാടൻ ഭാഷയിൽ പറഞ്ഞാൽ നമ്മൾക്ക് ഒരു പൂതിയായി എന്നാണ് ഈ കാമ്പസ്സിൽ നിന്നെല്ലാം പേറ്റൻസി ഉടലെടുക്കുക നമ്മുടെ ഒരു ആഗ്രഹമായി അങ്ങനെ അവശേഷിക്കുകയാണ്. അല്ലാതെ ഒന്നും യാഥാർത്ഥ്യമാകുന്നില്ല. അപ്പോൾ അതുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞതുപോലെ ഗവൺമെന്റ് ഇന്റർഫിയറൻസ് അധികം വേണ്ടമെന്ന് പറയുന്നില്ല. യഥാർത്ഥത്തിൽ പൊളിറ്റിക്കൽ ഇന്റർഫിയറൻസിൽനിന്ന് കാമ്പസിന് ഫ്രീഡം കൊടുക്കുകയാണ് വേണ്ടത്. അതാണ് പ്രധാനം. പത്മാരാമചന്ദ്രൻ റിപ്പോർട്ടും മറ്റ് കമ്മീഷൻ റിപ്പോർട്ടും ഒക്കെ അതു തന്നെയാണ്.....

ശ്രീ. ബിനോയ് വിശ്വം: അങ്ങ് പറഞ്ഞ കാര്യത്തോട് വ്യക്തിപരമായി യോജിക്കാൻ ഞാൻ തയ്യാറാണ്. കാമ്പസുകളുടെ പ്രാധാന്യം വർദ്ധിപ്പിക്കണം. കാമ്പസുകൾ കണ്ടു പിടുത്തങ്ങളുടേയും പുരോഗതിയുടേയും കേന്ദ്രങ്ങളായിട്ട് മാറണം. ഞങ്ങൾക്ക് അതിൽ വിയോജിപ്പ് ഒന്നുമില്ല. പക്ഷെ വിഷയം എന്താണ്, ഈ ബില്ലിൽ അത്തരം സങ്കൽപ്പങ്ങൾ ഒന്നുമില്ല. അങ്ങ് സമ്മതിക്കുമല്ലോ, 1970-കളിൽ കാർഷിക പരിഷ്കാരം പൂർത്തിയാക്കിയ സംസ്ഥാനമാണ് ഈ കേരളം. ഈ കേരളത്തിന്റെ ഭാവി വികസനത്തിൽ എന്താണ് പങ്ക്, ഒരു യൂണിവേഴ്സിറ്റി കേരളത്തിന്റെ വ്യവസായ വികസനത്തിന് പ്രോഡക്റ്റിവിറ്റീസ് എല്ലാം

വഹിക്കണ്ടേ? ആ പങ്കിനെപ്പറ്റി അന്വേഷണമെന്നും നടത്താതെ സർവ്വാധികാരങ്ങളും ഒറ്റ വ്യക്തിയിൽ കേന്ദ്രീകരിക്കാനുള്ള ബില്ലാണ് ഇത്. അങ്ങയുടെ വാക്കുകൾത്തന്നെ മാനിക്കുമെങ്കിൽ അങ്ങ് ഈ ബിൽ പിൻവലിക്കാനും ഈ ബില്ല് പുതിയ കാര്യം ആവശ്യപ്പെടുന്ന ഒരു ബില്ലാക്കി മാറ്റാനും ഒരുക്കമാണെന്നുള്ള കാര്യം പറയണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതൊക്കെ ഒരുതരം എന്താണ് പറയുക, നമ്മൾ ഒരു വിഷയത്തിലും.....അരഗൻസ് നല്ലതല്ല, എന്നാൽ close mind-ഉം നല്ലതല്ല, ഞാൻ പറയട്ടെ, ഐ.എ.എസു.-കാർ എന്നു പറഞ്ഞാൽ ഐ.എ.എസ്. പാസ്സാകുന്നത് ജനറൽ നോളജ് കൊണ്ടല്ലേ, അവരൊക്കെ ബ്യൂറോക്രാറ്റ്സാണ് എന്നു പറയും, അതേസമയം നമ്മൾ എല്ലാത്തിലും വിദഗ്ദ്ധൻമാർ ആണോ? ട്രെയിഡ് യൂണിയൻ പൊളിറ്റിക്കൽ ലീഡേഴ്സ് ഇവരൊക്കെ വിദഗ്ദ്ധൻമാരാണോ? We are bound to depend on them. That is an administrative system ആണല്ലോ, ഇതിന്റെ ഏറ്റവും വലിയ thrust എന്നു പറയുന്നത്, വി.സി. എന്നു പറയുന്നത്..... ഞാൻ ഒരു പോയിന്റ് പറയാം, ഏത് സ്ഥാപനത്തിന്റേയും പിന്നിൽ ഒരാൾ ഉണ്ട് എന്നു പറഞ്ഞതുപോലെ ഏത് രാജ്യത്തിന്റെ തലപ്പത്തും വരുന്ന ആളുകൾ വളരെ efficient ആളുകളാണെങ്കിൽ രാജ്യത്തിന്റെ ഭാവിയിൽ അത് റിഫളക്ട് ചെയ്യും എന്നു പറഞ്ഞതുപോലെ ഒരു യൂണിവേഴ്സിറ്റിയുടെ തലപ്പത്തിരിക്കുന്ന ആളുകളെ കുറച്ച് ഇൻഡിപെൻഡന്റ് ആയിട്ട് തെരഞ്ഞെടുക്കണം. അവരെ മെറിറ്റ് നോക്കി തെരഞ്ഞെടുക്കണം. സിൻഡിക്കേറ്റാണല്ലോ ഈ സമിതികളൊക്കെ വച്ചിരുന്നത്. ഈ സമിതികളൊക്കെ സിൻഡിക്കേറ്റ് വരുമ്പോൾ ഒരുതരം ഓഹരി വയ്പ്, വീതം വയ്പ്, അതുപോലെതന്നെ favouritism, നിങ്ങൾ സെനറ്റിലും സിൻഡിക്കേറ്റിലും ഇരുന്ന ആളുകളല്ലേ, അതിനുപകരം നമുക്കാലോചിക്കാം. നമുക്ക് screen ചെയ്യാം. ഞങ്ങൾ ഓപ്പൺ ആണ്. വി.സി.-യെ നിയമിക്കുന്ന കാര്യത്തിൽ നല്ലവണ്ണം ആലോചിക്കാം, കൊള്ളാവുന്ന ആളെ വയ്ക്കാം. അതുപോലെ എക്സിക്യൂട്ടീവ് കൗൺസിൽ ഉണ്ടല്ലോ, എക്സിക്യൂട്ടീവ് കൗൺസിലിന്റെ പേര് ഇനി സിൻഡിക്കേറ്റ് എന്ന് നിലനിർത്തണമോ, അല്ലെങ്കിൽ എക്സിക്യൂട്ടീവ് കൗൺസിൽ എന്ന് ആക്കണമോ, നമുക്ക് ചർച്ച ചെയ്യാം. എന്നിട്ട് ഈ എക്സിക്യൂട്ടീവ് കൗൺസിലിലേയ്ക്ക് നോമിനേറ്റ് ചെയ്യാൻ കൊള്ളാവുന്ന ആളുകളെ മാത്രം വച്ചാൽ മതി എന്ന് നമുക്ക് ഒരു യുനാനിമിറ്റി.....പിന്നെയും തുടങ്ങി അരഗൻസ്. ഈ അസഹിഷ്ണുതയും അരഗൻസും എന്റെ വാക്കുകൾ കേട്ട് ആലോചിച്ചാൽ ഈ എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് screen ചെയ്യാം. പ്രിൻസിപ്പൽമാർ ഇല്ല എന്ന് ആയിക്കൊള്ളട്ടെ, ബാക്കിയുള്ളവർ ഇല്ല എന്നായിക്കൊള്ളട്ടെ, അവിടെ വയ്ക്കുന്ന ആളുകളെ കൊള്ളാവുന്ന ആളുകളെയേ വയ്ക്കാവൂ എന്ന ഒരു സിസ്റ്റം ഇവോൾവ് ചെയ്യുന്ന കാര്യം നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്യാം. ആ ഡിസ്കഷന് നിങ്ങൾ എന്തുകൊണ്ട് മുതിരുന്നില്ല? ആ ഡിസ്കഷനുവേണ്ടി ഞങ്ങൾ തയ്യാറാണ് എന്ന് ആവർത്തിച്ചാവർത്തിച്ച് പറയുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, വിദ്യാഭ്യാസ മന്ത്രിക്കുവേണ്ടി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള മറുപടി ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ഈ പൊളിറ്റിക്കൽ ഇന്റർഫിയറൻസാണ് ആകെ ശല്യങ്ങൾ ഉണ്ടാക്കുന്നത് എന്ന് പറയുകയുണ്ടായി. കോൺഗ്രസും ലീഗും കേരളാ കോൺഗ്രസും എല്ലാംകൂടി ചേർന്ന മുന്നണിക്ക് ചെയ്യുന്ന കാര്യവും ലെസ് പൊളിറ്റിക്കൽ ഇന്റർഫിയറൻസായിട്ട് കരുതിക്കൊള്ളണം എന്നാണോ, അതും ഒരു പൊളിറ്റിക്കൽ ഇന്റർഫിയറൻസാണ്. കോൺഗ്രസ് മാത്രം ഭരിച്ചപ്പോഴും കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രം ഭരിക്കുമ്പോഴും മുന്നണി ആയപ്പോഴും എല്ലാം പൊളിറ്റിക്കൽ ഇന്റർഫിയറൻസുണ്ട്. നിങ്ങളുടെ ഇപ്പോഴത്തെ മുന്നണിക്കുള്ള പ്രത്യേകത

LIBRARY ARCHIVES Kerala Legislative Assembly

സാമുദായിക മത തീവ്രവാദികളും കൂടെ ചേർന്ന ഒരു മുന്നണിയുടെ ഇന്റർഫിയറൻസ് ആണ്. അപ്പോൾ പൊളിറ്റിക്കൽ ഇന്റർഫിയറൻസിൽ നിന്ന് അതീതമായ ഒന്ന് കൊണ്ടു വരുന്ന ഭാവനയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മുന്നോട്ടുവച്ച നിർദ്ദേശം. അങ്ങനെ സാധിക്കുമോ? പൊളിറ്റിക്കൽ ഇന്റർഫിയറൻസ് ഇല്ലാത്ത ഒന്ന് സാധിക്കുമോ, അതാണ് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടത്. അക്കാഡമിഷ്യൻസിന് വളരെയേറെ പ്രാധാന്യം നൽകുന്ന ഒന്നാണ് ജനങ്ങൾ വിഭാവന ചെയ്യുന്നത്. പൊളിറ്റിക്കൽ ഇന്റർഫിയറൻസിൽനിന്ന് ഒഴിയുമായതെന്ന് വിശദീകരിച്ചതിൽ ഞാൻ ശ്രദ്ധിച്ചു കേട്ടപ്പോൾ ഇതാണ് എനിക്ക് തോന്നിയത്. ഞാൻ മനസ്സിലാക്കിയതിൽ തെറ്റുണ്ടെങ്കിൽ ഒന്നുകൂടി മനസ്സിലാക്കിത്തരാൻ ശ്രമിച്ചാൽ നന്ന്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രതിപക്ഷ നേതാവ് വളരെ റിലവന്റ് ആയിട്ടുള്ള ചോദ്യം എന്നോട് ചോദിച്ചു. ആ ചോദ്യം എന്നു പറയുന്നത് പൊളിറ്റിക്കൽ ഇന്റർഫിയറൻസ് ഭരണത്തിൽ ഇരിക്കുമ്പോൾ ഉണ്ടായില്ലേ, അത് നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ജാതി, മത, കൂട്ടുകെട്ടുകൊണ്ടുള്ള പൊളിറ്റിക്കൽ ഇന്റർഫിയറൻസ് പിന്നേയും ഉണ്ടായില്ലേ, അതല്ലാതെ യഥാർത്ഥത്തിലുള്ള യൂണിവേഴ്സിറ്റികളുടെ അക്കാഡമിക് ഫ്രീഡം കൊടുക്കുന്ന കാര്യമാണോ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്. അത് ക്ലാരിഫൈ ചെയ്യണമെന്നാണ് പറഞ്ഞത്. അങ്ങനെ ഞങ്ങൾ ക്ലാരിഫൈ ചെയ്താൽ ആ ഒരു കോൺടെക്സ്റ്റിൽ വളരെ ആരോഗ്യകരമായ ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ പൊളിറ്റിക്കൽ ഡിസിഷന്റെ അടിസ്ഥാനത്തിൽ മാത്രമേ നിങ്ങൾക്ക് പറ്റുകയുള്ളു, യൂണിവേഴ്സിറ്റികളെ ഓവർ പൊളിറ്റിക്സ്.....ഞാൻ പൊളിറ്റിക്കൽ ഫ്രീയെന്ന് പറഞ്ഞ് embarrassment ഉണ്ടാക്കുന്നില്ല. പൊളിറ്റിക്കൽ ഫ്രീഡം, പൊളിറ്റിക്കൽ ടച്ചേ വേണ്ട, അവിടെയെല്ലാം വിദഗ്ദ്ധൻമാർ നോക്കിക്കൊള്ളട്ടെ, അങ്ങനെ പറ്റുമോ എന്നുള്ള പ്രോബ്ളം കാണും. ഇന്നത്തെ സമിതികളൊക്കെ കേവലം പൊളിറ്റിക്സ് മാത്രമായിരിക്കും. അതുപോലെ അവരുടെ ഇന്ററസ്റ്റുമായിട്ട് അത് നിങ്ങൾ ആയാലും ഞങ്ങൾ ആയാലും ഒരു നിലവാരത്തകർച്ച വന്നിരിക്കുന്നു. ഈ ഫൈൻഡിംഗ്സ് ഒക്കെ അതാണ്. ഞാൻ പറയുന്നത് മാത്രമല്ല. നിങ്ങൾ വച്ച കമ്മീഷന്റേയും ഫൈൻഡിംഗ്സ് ഒക്കെ അതാണ്. ഞാൻ പറയുന്നതല്ല. അതുകൊണ്ട് അക്കാഡമിക് ഫ്രീഡം യഥാർത്ഥത്തിൽ ഉണ്ടാക്കുകയും അക്കാഡമിക് കാൺസെപ്റ്റ് ഇംപ്രൂവ് ചെയ്യുകയും വൈസ് ചാൻസലർ ഒക്കെ ഫ്രീയായി, അതുപോലുള്ള എക്സിക്യൂട്ടീവ് കൗൺസിലൊക്കെ വച്ച് അത്തരത്തിലുള്ള ഒരു സ്ഥിതി യൂണിവേഴ്സിറ്റികൾക്ക് കൊണ്ടുവരാനുള്ള ഒരു നടപടിയെടുക്കുകയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങ് പിന്തുണ നൽകുമോ, അങ്ങനെയുള്ള രീതിയിലേയ്ക്ക് പോകാൻ; അതാണ് അങ്ങ് ക്ലാരിഫൈ ചെയ്യേണ്ടത് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: പ്രശ്നങ്ങൾ വരുമ്പോൾ അത് എങ്ങനെയിരിക്കുന്നു എന്ന് നോക്കി പ്രതിപക്ഷത്തിന്റെ അഭിപ്രായം അപ്പപ്പോൾ പറയാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: Even ഇതൊരു പ്രോഗ്രസ് ആയിട്ടാണ് ഞാൻ കാണുന്നത്. ചരിത്രപരമായ ഈ ബില്ലിന്റെ ചർച്ചാവേളയിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഈ പോസിറ്റീവ് ആയിട്ടുള്ള സ്റ്റേറ്റ്മെന്റ്, യൂണിവേഴ്സിറ്റികളെ രാഷ്ട്രീയ വിമുക്തമാക്കാനും അതുപോലെ യൂണിവേഴ്സിറ്റികൾക്ക് അക്കാഡമിക് ഫ്രീഡം കൊടുക്കാനും അതുപോലെ കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റികൾ രാജ്യനന്മയ്ക്ക് ഉതകുന്ന വിധത്തിൽ ഒരു നാഴികക്കല്ലായിട്ടാണ് ഞാൻ കാണുന്നത്. ആ കോ-ഓപ്പറേഷൻ വരുന്ന സബ്ജക്ട് കമ്മിറ്റിയിലും ബാക്കി ഡിസ്കഷനിലും ഉണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. അങ്ങനെ നമുക്ക് ചിന്തിക്കാം. അല്ലെങ്കിൽ വലിയ തകരാറ് വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അങ്ങ് പറഞ്ഞതിൽ നിന്ന് ഒരു കാര്യം ഞാൻ അങ്ങയോട് ചോദിക്കുന്നത് ക്ലോസ് 11(4)-ലും 89-ലും, 90-ലും, 94-ലും നമ്മുടെ വിദ്യാഭ്യാസ മന്ത്രി എന്നുപറയുന്ന ഭരണപക്ഷത്തോ, പ്രതിപക്ഷത്തോ ഇരിക്കുന്ന ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും ഇരുന്നതാണ്, വിദ്യാഭ്യാസ മന്ത്രി A or Y, ആ വിദ്യാഭ്യാസ മന്ത്രി എന്നു പറയുന്ന രാഷ്ട്രീയക്കാരന് കൂടുതൽ അധികാരം കൊടുക്കുന്ന ഇന്നത്തെ ഈ നിയമത്തിലെ വകുപ്പുകൾ മാറ്റാൻ അങ്ങ് തയ്യാറുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതൊക്കെ നമുക്ക് ചർച്ച ചെയ്യാം. ഇരുമ്പുലക്ക വിഴുങ്ങിയ രീതിയിൽ ഞാൻ ഇരിക്കുന്നില്ല. നമുക്ക് എല്ലാറ്റിനെക്കുറിച്ചും ചർച്ച ചെയ്യാം. ഗവൺമെന്റിന് ആ ഒരു സമീപനം ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. ഏകീകൃത യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റിന് ഒരു സമീപനമുണ്ട്. ഇതുവരെയുള്ള ഏതു നിയമം പാസ്സാക്കുന്നതിനും മീഡിയായൊക്കെ നോക്കിക്കൊണ്ടിരിക്കുകയല്ലേ? നിങ്ങളെല്ലാപേരും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പോലും പോസിറ്റീവായിട്ടാണ് ഇന്നിവിടെ പ്രതികരിച്ചത്. അതുകൊണ്ട് ഇത് ഓപ്പണായി കാണിക്കേണ്ട ഒരു സമീപനം ഞങ്ങൾ എടുക്കും.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ ഏകീകൃത യൂണിവേഴ്സിറ്റി ബിൽ ചർച്ച ചെയ്യുകയാണ്. ഇത് കേരളത്തിൽ ഒരു നാഴികക്കല്ലാകുമെന്ന് പറഞ്ഞത് വളരെ ബഹുമാനത്തോടുകൂടിത്തന്നെ ഞാൻ സ്വീകരിക്കുകയാണ്. ഇതിലൊക്കെ രാഷ്ട്രീയം വരുന്നു എന്നതാണല്ലോ ഇതിലെ ഇപ്പോഴത്തെ പ്രശ്നം. കേരളത്തിലെ രാഷ്ട്രീയ ചരിത്രമെടുത്ത് പരിശോധിച്ചാൽ ഒന്നുകിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെന്റ് അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തിലുള്ള ഗവൺമെന്റായിരിക്കും. ഇവർ ഒരു കാരണവശാലും വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് ഗവൺമെന്റാണ്. വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്നത് ആരാണ്? മുസ്ലീംലീഗ്. ഞങ്ങൾ ഇടതുപക്ഷത്തായിരുന്നപ്പോൾ ആരായിരുന്നു? കേരള കോൺഗ്രസ്. അങ്ങയുടെ അഭിപ്രായമെന്താണ്? രാഷ്ട്രീയമാണെങ്കിൽ, ഇവിടെ രാഷ്ട്രീയ തീരുമാനമെടുക്കുന്നതിന് ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്ന ഏറ്റവും പ്രമുഖമായ കക്ഷി തന്നെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുകയാണെങ്കിൽ ഒരു മാറ്റം കാണാൻ കഴിയും. അങ്ങനെ ഒരു തീരുമാനമെടുക്കുന്നതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇപ്പോഴല്ലേ ഇത് ആലോചിക്കുന്നത്?

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരുന്ന് പറഞ്ഞതിൽ അപാകതയുണ്ട്. ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള അഭിപ്രായമാണിത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പി. സി. ജോർജ് എന്ന ചുറുചുറുക്കുള്ള എം.എൽ.എ.-യിൽനിന്നും പി. സി. ജോർജ് എന്ന കക്ഷി നേതാവിലേക്കുള്ള മാറ്റം.....

ശ്രീ. മത്തായി ചാക്കോ: സർ, അങ്ങിവിടെ സർവ്വകലാശാലകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. അങ്ങനെ ഒരു ഉദ്ദേശം ഗവൺമെന്റിനുണ്ടെങ്കിൽ നിലവിലുള്ള ആക്ടിൽനിന്നും വ്യത്യസ്തമായിട്ട് സർവ്വകലാശാലകളുടെ ഫാക്കൽറ്റികൾ മെച്ചപ്പെടുത്തുന്നതിന്, അതിന്റെ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിന്, അതിന് കൊടുക്കുന്ന ഫൈനാൻസിംഗ് ശക്തിപ്പെടുത്താൻ; ഈ 3 കാര്യങ്ങൾക്ക് നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഈ ഏകീകൃത ആക്ടിൽ എന്ത് അധിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഫാക്കൽറ്റികൾ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിനകത്ത് ധാരാളമുണ്ട്. ഫൈനാൻസിനെ സംബന്ധിച്ചിടത്തോളം വേണ്ടതാണ്. അവിടെ യൂണിവേഴ്സിറ്റി കമ്മീഷനൊക്കെ റെക്കമെന്റ് ചെയ്യാം. ഫൈനാൻസ് ഫ്രീഡം ഇംപോർട്ടന്റാണ്. പൈസ ഇല്ലാത്തത് ഒരു വലിയ പ്രശ്നമാണ്. ഇനി സബ്ജക്ട് കമ്മിറ്റി ഡിസ്ക്കഷനിൽ ഈ പറഞ്ഞത് മെച്ചപ്പെടുത്താൻ വേണ്ടിയുള്ള ഡിബേറ്റ് നമുക്ക് നടത്താം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിദ്യാർത്ഥി പ്രാതിനിധ്യത്തെക്കുറിച്ച് പറഞ്ഞു, യു.ജി.സി.-യുടെ ചില നിയന്ത്രണങ്ങൾ, നിബന്ധനകൾ വരുന്നുണ്ടെന്ന്. ഈ ബില്ലിൽ സർവ്വകലാശാലാ യൂണിയനിൽ, ജനറൽ കൗൺസിലിൽ 5 അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. ചാൻസലർ നിർദ്ദേശം ചെയ്യുന്നതിൽ 3 വിദ്യാർത്ഥികൾ എന്ന് ജനറൽ കൗൺസിലിൽ ചേർത്തിട്ടുണ്ട്. യാതൊരു കാരണവശാലും എക്സിക്യൂട്ടീവ് എന്നു പറയുന്ന സബ്ജക്ട് കമ്മിറ്റിയിലൂടെ വരാൻ സിൻഡിക്കേറ്റ് തന്നെ വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ട ഭേദഗതിയിലൂടെ വന്ന സിൻഡിക്കേറ്റും വിദ്യാർത്ഥി പ്രാതിനിധ്യം വരുന്നതിന് യാതൊരു തടസ്സവും ഉണ്ടാക്കുന്നില്ല. ജനറൽ കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടെന്ന് ഇതിൽ പറയുന്നുണ്ട്. അതുകൊണ്ട് എക്സിക്യൂട്ടീവിൽ അല്ലെങ്കിൽ സിൻഡിക്കേറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യം കൊണ്ടുവരുന്നതിനുവേണ്ടി പോസിറ്റീവായ തീരുമാനം ഉണ്ടാകുമോ? ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പോസിറ്റീവ് മൈൻഡൊന്നും പ്രശ്നമില്ല. നേരത്തെ എം.ജി. യൂണിവേഴ്സിറ്റി നിയമം വന്നപ്പോൾ ഈ ലിമിറ്റേഷൻ അന്നത്തെ ഗവൺമെന്റിന് ഫീൽ ചെയ്തതാണല്ലോ. കാരണം സ്റ്റുഡൻസ് റെപ്രസെന്റേഷൻ, ബാക്കിയുള്ള കാര്യങ്ങളൊന്നും എൻകറേജ് ചെയ്യുന്നില്ല. അതിനൊക്കെ യു.ജി.സി.-യുടെ യൊക്കെ പ്രശ്നങ്ങളുണ്ട്. വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം കൊടുത്തുകൂടേ എന്നോ എം.എൽ.എ.-മാർക്ക് പ്രതിനിധ്യം കൊടുത്തുകൂടേ എന്നോ ഉള്ള സമീപനമില്ല. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ നേരത്തെ ഇവിടെ പറഞ്ഞു, കുറച്ചു കൂടി ജ്യൂഡീഷ്യസ് ആയിട്ടുള്ള മിക്സ് ആണ് നല്ലത് എന്ന് നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്യാം. വെറും എം.എൽ.എ.-മാരും കേവലം സ്റ്റുഡൻസ് കോൺസ്റ്റിറ്റ്യൂഷനിൽ നിന്നുള്ള അഞ്ചാറ് ആളുകളും, എന്നിട്ട് പോസ്റ്റ്മാന് ഇഷ്ടപ്പെട്ട ആളുകളെ തെരഞ്ഞെടുത്ത് വിടുക. എല്ലാപേരുംകൂടി അവിടെയിരുന്ന് എന്തൊക്കെ കാണിക്കുകയാണ്? അക്കാദമിക് എന്നു പറയുന്ന സാധനം ഡിസ്ക്കസ് തന്നെ ചെയ്യുന്നില്ല. ഉപസമിതികളാണെന്നുണ്ടെങ്കിൽ അത് ഭരിക്കുന്ന കാലത്തുള്ള ആളുകളുടെ ഫേവറൈറ്റ് അനുസരിച്ച് ആളുകൾ വരികയാണ്. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുറ്റമെന്നു പറഞ്ഞതുപോലെ ഇഷ്ടമില്ലാത്തവരെ ഉപദ്രവിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ ഫംഗ്ഷൻതന്നെ അങ്ങനെയായി മാറുകയാണ്. ഇതൊക്കെയാണ് യൂണിവേഴ്സിറ്റികളിൽ നടക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന ഈ ഏർപ്പാട് അവസാനിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. ഇ. എം. അഗസ്തി: സർ, ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതും പ്രതിപക്ഷത്തുനിന്നും സംശയങ്ങൾ ഉന്നയിക്കുന്നതും യൂണിവേഴ്സിറ്റിയുടെ അക്കാദമിക് സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനെ സംബന്ധിച്ചാണ്. അക്കാദമിക് സ്വാതന്ത്ര്യം സംരക്ഷിക്കാൻ ആവശ്യമായ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയ്ക്ക് ഉറപ്പു നൽകിയിട്ടുണ്ട്. എന്റെ സംശയം യൂണിവേഴ്സിറ്റിയുടെ അക്കാദമിക് സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതോടൊപ്പം ചിലപ്പോഴൊക്കെ യൂണിവേഴ്സിറ്റി അപഥ സഞ്ചാരം നടത്തുന്ന അനുഭവം നമുക്കുണ്ടായിട്ടുണ്ട്. 2000-ത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി വി.കെ.എൻ.-ന്റെ 'അധികാരം' എന്നു പറയുന്ന പുസ്തകം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി. ആ പുസ്തകത്തിൽ രാജ്യത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച രാജീവ്ഗാന്ധിയെ പ്രതീകാത്മകമായി അപമാനിക്കുകയും നിറയെ അശ്ലീല പദങ്ങൾ നിറഞ്ഞു നിൽക്കുകയുമാണ്. എല്ലാ ഭാഗത്തുനിന്നും വ്യാപകമായ പ്രതിഷേധമുയർന്നു. പ്രതിഷേധമുയർന്ന സമയത്ത് നിയമസഭയിൽ സബ്മിഷനിലൂടെ ഇക്കാര്യം ഞാൻ കൊണ്ടുവന്നു. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത് പരിശോധിച്ചിട്ട് യൂണിവേഴ്സിറ്റിയോട് പുസ്തകം പിൻവലിക്കാൻ ആവശ്യപ്പെടാമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചു. അത് സഭാ രേഖയിലുമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് നിയമസഭയ്ക്ക് ഉറപ്പു നൽകിയിട്ടും അദ്ദേഹം കാലിക്കറ്റ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടും യൂണിവേഴ്സിറ്റി ആ പുസ്തകം പിൻവലിച്ചില്ല. ദേശീയ നേതാവിനെ അപമാനിക്കുകയും കേരളത്തിന്റെ സംസ്കാരത്തെ ചോദ്യം ചെയ്യുകയും ചെയ്ത, അപഥ സഞ്ചാരം നടത്തുകയും ചെയ്ത യൂണിവേഴ്സിറ്റിയുടെ അനുഭവം ഉള്ളതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വരുമ്പോൾ അതുപോലെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനെപ്പറ്റി.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഓവർ പൊളിറ്റിക്സ് വന്നതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ, ഒരുപാട് ഉദാഹരണങ്ങളുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വലിയ ആശയങ്ങൾ ഒരുപാട് പറഞ്ഞു. തീർച്ചയായിട്ടും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമെന്നും പറഞ്ഞു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നത്തിന് പരിഹാരമായിട്ടില്ല എന്നുള്ളതാണ്. അങ്ങ് മറുപടിയും പറഞ്ഞില്ല. പുഷ്പഗിരി കോളേജുൾപ്പടെ കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട്, സീറ്റ് അനുപാതം നിശ്ചയിക്കുന്നതുൾപ്പെടെ, ഫീസ് നിശ്ചയിക്കുന്നതുൾപ്പെടെ, സംവരണകാര്യം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്താണ് ഗവൺമെന്റ് തീരുമാനം? സബ്ജക്ട് കമ്മിറ്റിയിൽ പോയിട്ട് തിരിച്ചുവരുമ്പോൾ കാലതാമസമുണ്ടാകുമെന്ന സാഹചര്യത്തിൽ, എന്താണ് ഇത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനം എടുക്കുന്നതെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് ഇവിടെ പറയാൻ കഴിയും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പുഷ്പം കൊണ്ടുള്ള അടിയാകുമ്പോൾ, ഞങ്ങൾക്ക് അൽപ്പം നോവുന്നുണ്ട്. കാരണം പുഷ്പഗിരി കേസ് സുപ്രീംകോടതിയിലാണ്. പുഷ്പഗിരി പ്രശ്നത്തിൽ ഗവൺമെന്റ് വെയ്റ്റ് ചെയ്യുകയാണ്. അടുത്തുതന്നെ വിധി വരും. അതിനെ കുറിച്ച് നമുക്കെല്ലാപേർക്കുംകൂടി ചർച്ച ചെയ്ത് തീരുമാനത്തിലെത്താം. റിസർവേഷൻ സംബന്ധിച്ച് നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്യാം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ പണ്ട് സെലക്ട് കമ്മിറ്റിക്ക് അയച്ച ബില്ലിനകത്ത് സംവരണത്തെക്കുറിച്ച് പറഞ്ഞിരുന്നു. ഇതിനകത്ത് അതില്ല. ഇത് വിട്ടുകളഞ്ഞോ. കഴിഞ്ഞ 9 ദിവസമായി കുറച്ച് വിദ്യാർത്ഥി നേതാക്കന്മാർ സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരം കിടക്കുന്നു. ചർച്ച ചെയ്ത് യോജിച്ചു പോകണമെന്ന് അങ്ങ് പറയുന്നുണ്ടല്ലോ; എന്തിനാണ് ഇവർ കിടക്കുന്നതെന്ന് വിളിച്ചുചോദിക്കാൻ തയ്യാറായിട്ടില്ല എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എല്ലാത്തിനും തയ്യാറാകണം. കുഴപ്പമില്ല. ഞാൻ ഇത് കൺക്ലൂഡ് ചെയ്യുകയാണ്. അതുകൊണ്ട് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ രൂപവും ഭാവവുമൊക്കെ മാറിവരികയാണ്. ഒരു റൂഫിന്റെ കീഴിലല്ല ഇന്ന് എഡ്യൂക്കേഷൻ നടക്കുന്നത്. Developed countries-ലൊക്കെ ഇപ്പോൾ ഒരു സ്ഥലത്തിരുന്ന് ഒരു വിദഗ്ദ്ധൻ പഠിപ്പിച്ചിട്ട് എല്ലാ സ്ഥലങ്ങളിലും പഠിക്കുന്ന സ്ഥിതിയാണ്. ഉദാഹരണമായി പറയാം. കാലാവസ്ഥാ നിരീക്ഷണത്തിന്റെ ഏറ്റവും നല്ല ഒരു ഇൻസ്റ്റിറ്റ്യൂഷൻ ഉണ്ടെങ്കിൽ, സെന്റർ ഉണ്ടെങ്കിൽ അവിടെയിരുന്നുകൊണ്ട് അതിനെക്കുറിച്ച് ആ രാജ്യത്ത് മുഴുവൻ ഓൺലൈനിൽക്കൂടി പഠിപ്പിക്കുകയാണ്. ഇതൊക്കെ വർഷങ്ങളുടെ വ്യത്യാസം, ഗ്യാപ്പ് നമ്മളും അതുപോലെ തന്നെ advanced countries-ഉം തമ്മിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് മാറ്റിയേ മതിയാവുകയുള്ളു. അതുകൊണ്ട് ഇവിടെ ഇത് ചെയ്തില്ല എന്നുണ്ടെങ്കിൽ ചരിത്രപരമായ ഒരു വലിയ ദ്രോഹമാണ് നമ്മൾ സമൂഹത്തോട് ചെയ്യാൻ പോകുന്നത്. നമുക്കുള്ള ഏക സമ്പത്ത് എന്നു പറയുന്നത് നമ്മുടെ ജനങ്ങളാണ്. നമ്മളെ സംബന്ധിച്ചിടത്തോളം അവർ എവിടെയെങ്കിലും പോയി ജീവിച്ചോളും. ഒന്നിനും കൊള്ളാതെ ബ്രിട്ടീഷ് ഹിസ്റ്ററിയും ഇൻഡ്യൻ ഹിസ്റ്ററിയും പഠിച്ചിട്ട് ഡിഗ്രിയുംകൊണ്ട് ഇവരെ പുറത്തേയ്ക്കു വിടുന്ന ഈ സമ്പ്രദായം അവസാനിപ്പിച്ച് വിദഗ്ദ്ധരാക്കണം. ലോകത്ത് മുഴുവൻ ഇപ്പോൾ എല്ലാ കീ പൊസിഷനുകളിലും മലയാളികളുണ്ട്. മലയാളികൾ സ്മാർട്ടാണ്, ടാലന്റഡാണ്. ഏത് ടെക്നോളജിയും വേഗം adopt ചെയ്യുന്ന ആളുകളാണ്. പക്ഷേ അവരെ കെട്ടിപൂട്ടി ഇടരുത്. അവനെ കെട്ടിപൂട്ടി ഇടാതെ അവന്റെ കഴിവ് പുറത്തുകൊണ്ടുവരാനുള്ള സഹായം നമ്മൾ ഭരിക്കുന്ന ആളുകൾ, രാഷ്ട്രീയക്കാർ, സമൂഹത്തോട് ഉത്തരവാദിത്വമുള്ള ആളുകൾ ചെയ്യണം. അതിനുള്ള സുവർണ്ണാവസരമാണ് ഈ സർവ്വകലാശാല നിയമം. ഈ സുവർണ്ണാവസരം ഈ സഭ പ്രയോജനപ്പെടുത്തുമെന്നുമുള്ള ഉത്തമവിശ്വാസത്തോടുകൂടി ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. എസ്. സുപാൽ ..... He is not in the seat.

ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. പി. ജോർജ് ..... He is not in the seat.

ശ്രീ. പി. പി. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്ന് പ്രശ്നത്തെ .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—56

1. Shri Kalathil Abdulla
2. ,, P. K. Abdu Rabb
3. ,, C. T. Ahammed Ali
4. ,, A. K. Antony
5. ,, N. D. Appachan
6. ,, E. M. Augusthy
7. ,, K. Babu
8. ,, R. Balakrishna Pillai
9. ,, P. K. K. Bava

LIBRARY ARCHIVES Kerala Legislative Assembly

10. Shri M. A. Chandrasekharan
11. ,, Dominic Presentation
12. ,, K. B. Ganesh Kumar
13. ,, M. P. Gangadharan
14. ,, Prayar Gopalakrishnan
15. ,, V. K. Ibrahim Kunju
16. ,, Ishaque Kurikkal
17. ,, T. M. Jacob
18. ,, Johny Nelloor
19. ,, P. J. Joy
20. ,, G. Karthikeyan
21. ,, K.K. Nair
22. ,, P. K. Kunhalikutty
23. Dr. M. A. Kuttappan
24. Shri K. Kutty Ahammed Kutty
25. ,, Ludy Luiz
26. ,, C. Mammootty
27. Smt. Mercy Ravi
28. Shri K. Mohammadali
29. ,, E. T. Mohammed Basheer
30. ,, K. Mohan Kumar
31. ,, C. P. Muhammed
32. ,, K. Narayana Kurup
33. ,, Adoor Prakash
34. ,, T. N. Prathapan
35. ,, Thiruvanchoor Radhakrishnan
36. ,, T. U. Radhakrishnan
37. Smt. Radha Raghavan
38. Shri M. V. Raghavan
39. ,, K. K. Ramachandran Master
40. ,, U. C. Raman
41. ,, T. P. M. Sahir
42. ,, N. Sakthan
43. ,, K. Sankaranarayanan
44. Smt. Malethu Sarala Devi
45. Shri V. D. Satheesan
46. Prof. Savithri Lekshmanan
47. Shri K. K. Shaju
48. ,, Shibu Baby John
49. Smt. Sobhana George
50. Shri Stephen George
51. ,, K. Sudhakaran
52. ,, D. Sugathan

LIBRARY ARCHIVES Kerala Legislative Assembly

53. Shri C. F. Thomas
54. Prof. K. V. Thomas
55. Shri P. T. Thomas
56. ,, Thomas Unniyadan

പ്രതികൂലിക്കുന്നവർ—36

1. Shri V. S. Achuthanandan
2. ,, Manjalamkuzhi Ali
3. ,, A. A. Azees
4. ,, Kodiyeri Balakrishnan
5. ,, A. K. Balan
6. ,, T. K. Balan
7. ,, Binoy Viswam
8. ,, V. K. Chandran
9. ,, V. Chenthamarakshan
10. ,, T. K. Devakumar
11. ,, P. C. George
12. ,, K. K. Jayachandran
13. ,, M. V. Jayarajan
14. ,, P. Jayarajan
15. Dr. K. C. Joseph
16. Shri V. C. Kabeer
17. ,, M. Kumaran
18. ,, K. V. Kunhiraman
19. ,, Kovoor Kunjumon
20. ,, V. K. C. Mammathu Koya
21. ,, Mathai Chacko
22. ,, K. P. Mohanan
23. ,, Pirappancode Murali
24. ,, C. K. Nanu
25. ,, P. Narayanan
26. Dr. A. Neela Lohithadasan Nadar
27. Shri K. Radhakrishnan
28. ,, Mangode Radhakrishnan
29. Shri N. Rajan
30. ,, K. P. Rajendran
31. ,, Raju Abraham
32. ,, T. P. Ramakrishnan
33. ,, Saju Paul
34. ,, K. P. Satheesh Chandran
35. Smt. P. K. Sreemathi Teacher
36. Dr. Thomas Issac

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അനുകൂലിക്കുന്നവർ—56. പ്രതികൂലിക്കുന്നവർ—36. നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

2003-ലെ കേരള സർവ്വകലാശാലകൾ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

VI. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, "ഇപ്പോൾത്തന്നെ ജലക്ഷാമം അനുഭവിക്കുന്ന പമ്പ-അച്ചൻകോവിൽ നദികളെ പൈപ്പാർ ബേസിനുമായി ബന്ധിപ്പിക്കണമെന്നുള്ള നാഷണൽ ഡെവലപ്പ്മെന്റ് ഏജൻസിയുടെ നിർദ്ദേശം കേരള സംസ്ഥാനത്തിന് സ്വീകരിക്കാൻ സാദ്ധ്യമല്ല. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നിലപാടും വളരെ ഗൗരവമായിട്ടേ കാണാൻ സാധ്യമാകൂ. അതീവ ഗൗരവതരമായ ഈ വിഷയം സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള): സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. Deputy Speaker: Are you speaking?

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ അവസാനം സംസാരിക്കാം. മുവറിനുള്ള ടൈം ഞാൻ അവസാനം എടുത്തുകൊള്ളാം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഈ സഭയിൽ നമുക്ക് അങ്ങോട്ടും ഇങ്ങോട്ടും അഭിപ്രായ വ്യത്യാസമില്ലാതെ ഏകകണ്ഠമായി പാസ്സാക്കേണ്ട ഒരു പ്രമേയമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഞാൻ അതിനെ അനുകൂലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. നദികളെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയമായിട്ട് ഇന്ന് Inter-Linking of Rivers in India എന്ന വിഷയം മാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly